# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുന്നാവായ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.17/2229/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുന്നാവായ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.17/2229/2023 തീയ്യതി: 02/11/2023

## മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 19-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 20-09-2023 | 30-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-09-2023 | 30-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുജിത.പി.കെ ഓഡിറ്റർ

ശ്രീ.മൊയ്തീൻ ഫാസിൽ.കെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഹറ കൊട്ടാരത്തിൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൽ ഹക്കീം.യു | സെക്രട്ടറി | 01-04-2022 | 02-04-2022 |
| ശ്രീമതി.ലിസ.കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-04-2022 | 03-05-2022 |
| ശ്രീ.അബ്ദുൽ ഹക്കീം.യു | സെക്രട്ടറി | 04-05-2022 | 30-09-2022 |
| ശ്രീമതി.ലിസ.കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 22-10-2022 |
| ശ്രീമതി.ബിന്ദു സെബാസ്റ്റ്യൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2022 | 11-12-2022 |
| ശ്രീമതി.ചിത്ര.എസ് | സെക്രട്ടറി | 12-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.സുധർമ്മ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശൈലജ ബിന്ദു.കെ | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ.ബാബുമോൻ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ.എൻ.എൽ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.രശ്മി.എം.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി.ആതിര.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ഡോ.സലീം ഇസ്മായീൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫർഷാന ഷമിൻ.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിമ.പി.എൽ | വെറ്ററിനറി സർജൻ | 01-04-2022 | 30-01-2023 |
| ഒഴിവ് | വെറ്ററിനറി സർജൻ | 31-01-2023 | 02-02-2023 |
| ശ്രീമതി.സിന്ധു സത്യൻ | വെറ്ററിനറി സർജൻ | 03-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീജേഷ്. കെ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 24-02-2023 |
| ശ്രീമതി. അഞ്ജന സുനിൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 25-02-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാങ്ക് അക്കൗണ്ടുകൾ റീകൺസിലിയേഷൻ ചെയ്തിട്ടില്ല. | 1-1-1 |
| 3 | ഡി.സി.ബി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ഫെസ്റ്റിവൽ അഡ്വാൻസ് നീക്കിയിരിപ്പിൽ അപാകത | 1-1-4 |
| 6 | ബാങ്ക് ബാലൻസ് 40(ബി)യുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഇലക്ഷൻ ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | റെന്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | വസ്തു നികുതി വരവ്-ഡി.സി.ബിയും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | സേവനയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ,എം.ജി റോഡ് ഇനങ്ങളിൽ നീക്കിയിരിപ്പ് | 1-1-11 |
| 13 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | B4 പ്രകാരമുള്ള നീക്കിയിരിപ്പ് B17 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ഇൻവെസ്റ്റ്മെന്റ് രസീതി ഹാജരാക്കിയിട്ടില്ല | 1-1-15 |
| 17 | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് മൈനസ് ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. | 1-1-16 |
| 18 | എ.എഫ്.എസ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമപദ്ധതികൾ | 1-7 |
| 25 | ക്യാഷ് പരിശോധന | 1-8 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-9 |

| | | |
|---|---|---|
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | തൊഴിൽ നികുതി പിരിവിലെ അപാകത | 1-11 |
| 29 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 30 | വാടക പിരിവിലെ അപാകത | 1-13 |
| 31 | വസ്തു നികുതി പിരിവിലെ അപാകത | 1-14 |
| 32 | വൃദ്ധർക്ക് കട്ടിൽ -ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല | 1-15 |
| 33 | സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ -ടെണ്ടർ നടപടി സ്വീകരിക്കാതെ നേരിട്ട് വാങ്ങി | 1-16 |
| 34 | ലൈസൻസ് കളക്ഷൻ ക്രമ പ്രകാരമല്ല | 1-17 |
| 35 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-18 |
| 36 | ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-19 |
| 37 | പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ - കുടിശ്ശിക പിരിച്ചെടുത്തില്ല. | 1-20 |
| 38 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-21 |
| 39 | വടക്കേ വയൽപാടം അംഗനവാടി റോഡ് നിർമ്മാണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവെടുത്തതിലുമുള്ള അപാകത-അധികച്ചെലവ് | 1-22 |
| 40 | കമ്മാറമ്പ് വൈരങ്കോട് റോഡ് ഡ്രൈനേജ് നിർമ്മാണം അപാകതകൾ | 1-23 |
| 41 | ചേരുലാൽ അനന്താവൂർ പാടം റോഡ് ഡ്രെയിനേജ് നിർമ്മാണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവെടുത്തതിലുമുള്ള അപാകത-അധികച്ചെലവ് | 1-24 |
| 42 | അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള മരാമത്ത് പണികൾ-എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും ക്രമക്കേടുകൾ | 1-25 |
| 43 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം- അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് നൽകിയത്-ചെലവു തുക നിരാകരിക്കുന്നു | 1-26 |
| 44 | എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി- 2021-22-ലെ സ്പിൽ ഓവർ പ്രൊജക്ട് - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-27 |
| 45 | മഴക്കാല പൂർവ്വ ശുചീകരണം- വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾക്കു നൽകിയ തുക – വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല. | 1-28 |
| 46 | ഇലക്ട്രിക് പോസ്റ്റ്, മീറ്റർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-ക്ക് നൽകിയ തുക - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല. | 1-29 |
| 47 | ലൈഫ് ഭവന പദ്ധതി - ആദ്യഗഡു കൈപ്പറ്റി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താവ്- തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 1-30 |
| 48 | രസീതി ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-31 |

| | | |
|---|---|---|
| 49 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-32 |
| 50 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-33 |
| 51 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല | 1-34 |
| 52 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർട്കോ-യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-35 |
| 53 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയത്-34738 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/14.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി&എ.ജി നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി: 02/11/2023

## 1-1-1 ബാങ്ക് അക്കൗണ്ടുകൾ റീകൺസിലിയേഷൻ ചെയ്തിട്ടില്ല.

താഴെ കാണിച്ചിട്ടുള്ള അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ ബാങ്ക് പാസ്സ് ബുക്കുകളുമായി റീ കൺസിലിയേഷൻ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ബാങ്ക്, അക്കൗണ്ട് | അക്കൗണ്ട് നം. |
|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് ബാങ്ക്,തിരുനാവായ | 4110 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 57052670358 |
| 3 | കേരള ഗ്രാമീണ ബാങ്ക് എച്ച്.ജി.സപ്പോർട്ട് ഡയഗ്നോസ്റ്റിക് ഹെൽത്ത് കെയർ | 40105101091568 |

| | | |
|---|---|---|
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 10611714441 |
| 5 | കേരള ഗ്രാമീണ ബാങ്ക് | 40105101068959 |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 67079928791 |
| 7 | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 715051400000006 |
| 8 | കേരള ഗ്രാമീണ ബാങ്ക് | 40105101014727 |
| 9 | പോസ്റ്റേ ഓഫീസ്- തനത് ഫണ്ട് | 70184 |
| 10 | ട്രഷറി- ജോയിന്റ് വെന്ച്വർ | 799011400004713 |

## 1-1-2 ഡി.സി.ബി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

താഴെ പറയുന്ന ഇനങ്ങളുടെ ഡി.സി.ബി രജിസ്റ്ററിൽ സംഗ്രഹം എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് |
|---|---|
| സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ | 3350 |
| കെട്ടിട നിർമ്മാണ റെഗുലറൈസേഷൻ ഫീസ് | 401624 |
| കെട്ടിട നിർമ്മാണപെർമിറ്റ് ഫീസ് | 189215 |

## 1-1-3 ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്കുകളിലെ ബി-5 ഷെഡ്യൂൾ പ്രകാരം 12256181 രൂപ ലോൺ ഇനത്തിൽ തിരിച്ചടക്കാനുണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

## 1-1-4 ഫെസ്റ്റിവൽ അഡ്വാൻസ് നീക്കിയിരിപ്പിൽ അപാകത

2021-22 വാർഷിക കണക്കിലെ ബി-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തിരികെ ലഭിക്കാൻ ബാക്കിയുള്ള തുക 6000 രൂപയാണ് . എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2022-23 ൽ ഈയിനത്തിലേക്ക് 3000 രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2022-23 ലെ B-18 ഷെഡ്യൂൾ പ്രകാരം 0 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

## 1-1-5 ബാങ്ക് ബാലൻസ് 40(ബി)യുമായി പൊരുത്തപ്പെടുന്നില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (അക്കൗണ്ട് നമ്പർ-67385529506) അക്കൗണ്ടിലെ 31.03.2023 ലെ നീക്കിയിരിപ്പ്, ബാങ്ക് ബുക്ക് പ്രകാരം 8780759 രൂപയും, വാർഷിക കണക്കിലെ ആർ.പി40(ബി) പ്രകാരം 8784968 രൂപയുമാണ്.

## 1-1-6 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 ഇലക്ഷൻ ഡെപ്പോസിറ്റ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

വാർഷിക കണക്കിലെ ബി-7 ഷെഡ്യൂൾ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 64500-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ(വൗച്ചർ/രസീത് നമ്പർ,നിക്ഷേപകന്റെ വിവരം) രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 റെന്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല

ബി-15 പ്രകാരം റെന്റ് റീസീവബ്ൾ ഫ്രം ബിൽഡിംഗ് -കറന്റ് ഇനത്തിൽ 262599 രൂപയും അരിയർ ഇനത്തിൽ 125814 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റെന്റ് രജിസ്റ്റർ പ്രകാരം ആയത് യഥാക്രമം 459879 രൂപയും 148470 രൂപയുമാണ്.

## 1-1-9 വസ്തു നികുതി വരവ്-ഡി.സി.ബിയും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഇനത്തിലുള്ള കളക്ഷൻ ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് പ്രകാരം (ആർ.പി- 45) | ഡി.സി.ബി പ്രകാരം |
|---|---|---|
| നോൺ റെസിഡൻഷ്യൽ(കറന്റ് ) | 4609477 | 4623710 |
| റെസിഡൻഷ്യൽ(കറന്റ് ) | 2400498 | 2441483 |
| നോൺ റെസിഡൻഷ്യൽ(അരിയർ) | 271755 | 273694 |
| റെസിഡൻഷ്യൽ(അരിയർ) | 229912 | 231203 |

13.വസ്തുനികുതി ഇനത്തിലുള്ള ഡിമാന്റ്- ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് പ്രകാരം(ഐ-1) | ഡി.സി.ബി പ്രകാരം |
|---|---|---|
| നോൺ റെസിഡൻഷ്യൽ | 4830326 | 4830647 |
| റെസിഡൻഷ്യൽ | 2584042 | 2587281 |

## 1-1-10 സേവനയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

സേവന പ്രകാരം കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ 793600 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിലെ ,ഐ-14(ഡി) ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-11 ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ,എം.ജി റോഡ് ഇനങ്ങളിൽ നീക്കിയിരിപ്പ്

ബാലൻസ് ഷീറ്റ് B-4 പ്രകാരം ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ,എം.ജി റോഡ് എന്നീ ഇനങ്ങളിൽ യഥാക്രമം 820187,51080 രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.ഈ ഇനങ്ങളിൽ ഉള്ള നീക്കിയിരിപ്പിന് കാരണം വ്യക്തമാക്കിയിട്ടില്ല.

## 1-1-12 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കിലെ ബി-12 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 55000 രൂപ നീക്കിയിരിപ്പുണ്ട്.

എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻ വർഷവും ഇതേ തുക തന്നെയാണ് ഈ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൻ വർഷം പലിശ ഇനത്തിൽ വരവൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## 1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ ആയതിന്റെ മൂല്യനിർണ്ണയം നടത്തിയതിന്റേയോ ഡിപ്രീസിയേഷൻ നിശ്ചയിതച്ചതിന്റേയോ രേഖകൾ സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.

## 1-1-14 B4 പ്രകാരമുള്ള നീക്കിയിരിപ്പ് B17 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

B4 പ്രകാരമുള്ള നീക്കിയിരിപ്പുകൾക്ക് പ്രത്യേകം എ.സി.ആർ സൂക്ഷിക്കാത്തതിനാൽ B17 പ്രകാരമുള്ള നീക്കിയിരിപ്പുമായി ഒത്ത് നോക്കാൻ സാധിച്ചിട്ടില്ല.

## 1-1-15 ഇൻവെസ്റ്റ്മെന്റ് രസീതി ഹാജരാക്കിയിട്ടില്ല

B-12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 55000 രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രസീതി ഫിസിക്കൽ വേരിഫിക്കേഷന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-16 ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് മൈനസ് ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

തിരൂർ സബ്ട്രഷറിയിലെ രണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് മൈനസ് ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-17 എ.എഫ്.എസ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

എ.എഫ്.എസ് പ്രകാരം ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ വിഭാഗത്തിലെ ചെലവ് 26304806/- രൂപയാണ്. എന്നാൽ ആയത് എ.സി.ആർ പ്രകാരം 26767402/- രൂപയാണ്.

### 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/21.03.2022 | 2(1)/13.03.2023 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 17521024 |
| വരവ് | 192649055 |
| ആകെ | 210170079 |
| ചെലവ് | 182522430 |
| നീക്കിയിരിപ്പ് | 27647649 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24516119 | 24516119 | 23436904 | 1081215 |
| വികസനഫണ്ട്(എസ്.സി.പി.) | 0 | 6143928 | 6143928 | 5398406 | 745522 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 7203700 | 7203700 | 2817037 | 4386663 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5642650 | 5642650 | 6055870 | -413220 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 14033476 | 14033476 | 8310214 | 5723262 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 4893000 | 4893000 | 5372759 | -479759 |
| ബി ഫണ്ട് | 0 | 44496600 | 44496600 | 44496600 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 262 | 211047736 | 174 | 72265294 | 0 | 88 | 66.41 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | (₹) | (₹) | (₹) | (₹) | (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 193 | 464704 | 464897 | 198515 | 266382 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പടെ) | 0 | 13517257<br>13577257 | 13517257 | 13517257 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 793600 | 524 |
| വിധവാപെൻഷൻ | 17969800 | 11405 |
| വാർദ്ധക്യകാലപെൻഷൻ | 40357400 | 26334 |
| വികലാംഗപെൻഷൻ | 6033600 | 3828 |
| വിവാഹ ധനസഹായം | 0 | 0 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 363200 | 233 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് 02.58 പി.എം ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76622 രൂപയുടെ ക്യാഷ് ബാലൻസ് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. തെരുവ് വിളക്ക് പരിപാലനത്തിന് വൻ തുക ചെലവഴിക്കുന്നുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഭാഗികമായി മാത്രമേ സ്ഥാപിക്കപ്പെട്ടിട്ടുള്ളൂ.
2. പഞ്ചായത്ത് നേരിട്ട് പ്രവർത്തിപ്പിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികളുടെ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം നിലനിൽക്കുന്നു. കളക്ഷൻ രജിസ്റ്ററുകൾ പരിപാലിച്ച് പോരുന്നുണ്ടെങ്കിലും കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ സംക്ഷിപ്തം എഴുതി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമല്ല. കുടിശ്ശിക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നില്ല. വെള്ളക്കരം രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അവ്യക്തവും അപൂർണ്ണവുമാണ്.
3. പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ വൗച്ചറുകൾ സൂക്ഷിക്കുന്നുണ്ട്. തെരുവു വിളക്ക് റിപ്പയർ രജിസ്റ്റർ, തെരുവു വിളക്ക് രജിസ്റ്റർ, സംയുക്തപരിശോധനാ റിപ്പോർട്ട് എന്നിവ പരിപാലിക്കുന്നുണ്ട്.
4. പൊതു ടാപ്പുകളുടെ രജിസ്റ്റർ പരിപാലിച്ച് പോരുന്നില്ലെങ്കിലും KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് സൂക്ഷിക്കുന്നുണ്ട്. ആകെയുള്ള 60 പൊതുടാപ്പുകളിൽ 50 എണ്ണവും പ്രവർത്തന രഹിതമാണെന്ന് സംയുക്ത പരിശോധനയിൽ കണ്ടെത്തിയിട്ടും KWA 60 പൊതു ടാപ്പുകളുടേയും വെള്ളക്കരം പഞ്ചായത്തിൽ നിന്നും ഈടാക്കിക്കൊണ്ടിരിക്കുന്നു. KWA യുമായി ബന്ധപ്പെട്ട് ഇത് നിർത്തലാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.
5. തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ രസീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇഷ്യു ചെയ്ത 1735, 1739 നമ്പർ രസീതി ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 1726,1735 റസീപ്റ്റ് ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . തുകകൾ നേരിട്ട് ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്. വരവുകൾ കൃത്യമായി രേഖപ്പെടുത്തുകയും മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2022 – 21.12.2022 | 01.07.2022 മുതൽ 31.10.2022 | 21.12.2022 |
| എ.ജി ഓഡിറ്റ് | 02.12.2009 – 15.12.2009 | 2004-05 മുതൽ 2008-09 | 15.01.2010 |

## 1-11 തൊഴിൽ നികുതി പിരിവിലെ അപാകത

തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 1 | എം.ഇ.എസ് സെൻട്രൽ സ്കൂൾ, തിരുന്നാവായ | I,II അർദ്ധ വർഷം |
| 2 | സി.എസ്.ഐ മിഷൻ ഹോസ്പിറ്റൽ, കൊടക്കൽ | I,II അർദ്ധ വർഷം |
| 3 | എം.ഇ.ടി ഇംഗ്ലീഷ് മീഡിയം സ്കൂൾ, കൈതക്കര | I,II അർദ്ധ വർഷം |
| 4 | മർക്കസ് ഹയർ സെക്കണ്ടറി സ്കൂൾ, കാരത്തൂർ | I,II അർദ്ധ വർഷം |
| 5 | ഭാരതീയ വിദ്യാഭവൻ, തിരുന്നാവായ | I,II അർദ്ധ വർഷം |
| 6 | കിദ്മത്ത് ആർട്സ്& സയൻസ് കോളേജ്, തിരുന്നാവായ | I,II അർദ്ധ വർഷം |
| 7 | സർവ്വീസ് സഹകരണ ബാങ്ക്, തിരുന്നാവായ | I,II അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ 1996 ലെ കേരള ഗ്രാമ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷനലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3.ലൈസൻസ് അപേക്ഷ പ്രകാരം ചുവടെ കൊടുത്ത സ്ഥാപന ങ്ങളിൽ കൂടുതൽ ജീവനക്കാർ പ്രവർത്തിക്കുന്നതായി കണ്ടു.എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആയവരിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ ഈടാക്കുന്നില്ല എന്ന് കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ |
|---|---|---|
| 426 | മുറാദ് ടെക്സ്റ്റൈൽസ് | 8 |

| | | |
|---|---|---|
| 428 | ഓസോൺ എജ്യുക്കേഷൻ | 8 |
| 418 | T12 ഫിറ്റനെസ് സെന്റർ | 3 |
| 421 | ഡോമോ ബെൽ ഹൗസ് | 3 |
| 429 | പെർഫെക്ട് വുഡ്ഹോംസ് | 3 |

ചട്ടം 16 പ്രകാരം മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തേയോ വരുമാനത്തേയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മേൽ ജീവനക്കാർ തൊഴിൽ നികതി അടക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

4. പഞ്ചായത്തിന്റെ സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ പതിനാറോളം സ്ഥാനങ്ങൾ രജിസ്ട്രേഷൻ എടുത്തതായി കണ്ടു. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരൊന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കണ്ടില്ല.
ആയതിന് മറുപടി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/23.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകയിൽ ചെലവഴിക്കാൻ/ ക്രമീകരിക്കാൻ ഉള്ള തുകയൊന്നും അവശേഷിക്കുന്നില്ല .

2015-16 വർഷത്തിൽ , സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനു വേണ്ടി KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത ( പ്രൊജ.നമ്പർ 179/16) 2300000 രൂപയിൽ ( പ്ലാൻ ഫണ്ട്-കെ.എൽ.ജി.എസ്.ഡി.പി) 2299930 രൂപ ചെലവഴിച്ചിട്ടുണ്ട്. 70 രൂപ മാത്രമാണ് ക്രമീകരിക്കാനുള്ളതായി കാണുന്നത്.

## 1-13 വാടക പിരിവിലെ അപാകത

തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ തിരുന്നാവായ അങ്ങാടിയിൽ 5 കടമുറികളും പട്ടർനടക്കാവ് അങ്ങാടിയിൽ 38 കടമുറികളും ഉണ്ട്. ആയതിന്റെ രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.മേൽ കടമുറികൾ ലേലം ചെയ്ത് കൊടുത്തതിന്റെ രേഖകളോ ബൈലോയോ പഞ്ചായത്തിൽ ലഭ്യമല്ല. ആയത് കൊണ്ട് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയ വാടകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.ചുവടെ കൊടുത്ത കടമുറികളിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| കടമുറി നമ്പർ (രജിസ്റ്റർ പ്രകാരം) | വാടകക്കാരന്റെ പേര് | ഈടാക്കാനുള്ള തുക- തൻ വർഷം (ജി.എസ്.ടി ഉൾപ്പെടെ) | ഈടാക്കാനുള്ള തുക അരിയർ (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 17 | സജീബ് കരുവാടി പള്ളിയാലിൽ | 38727 (4303*9) | - |
| 21 | ദിലീഫ് പൊട്ടച്ചോല | 84048 (140008*6) | - |

| | | | |
|---|---|---|---|
| 28 | അലവിക്കുട്ടി കളപ്പാട്ടിൽ | 81348 | 38742 |
| 37 | മുണാളൻ ചോപ്പൻവീട്ടിൽ | 102120 (8510*12) | |
| 38 | ജാഫർ അലി ചൂരപ്പിലാക്കൽ | 153636 (12803*12) | 109728 |
| ആകെ തുക | | 459879 | 148470 |

3.ചുവടെ കൊടുത്ത കടമുറികളിൽ രജിസ്റ്ററിൽ കൊടുത്ത പ്രകാരം നിലവിൽ പ്രവർത്തന എന്ന വിവരം ലഭ്യമല്ല.

| രജിസ്റ്ററിലെ ക്രമനമ്പർ | കടമുറിയുടെ ഉപയോഗം രജിസ്റ്റർ പ്രകാരം |
|---|---|
| 4 | തിരുന്നാവായ ഗ്രാമ പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ |
| 6 | പഞ്ചായത്ത് സ്റ്റോർ റൂം |
| 8 | ബോർവെൽ-മോട്ടോർ ഷെഡ് |
| 11 | പഞ്ചായത്ത് പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് |
| 12 | പഞ്ചായത്ത് പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് |

4.ചുവടെ കൊടുത്ത സ്ഥാപനങ്ങൾ രജിസ്റ്റർ പ്രകാരം ഒഴിഞ്ഞ് കിടക്കുകയാണ്. ആയത് ലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

| കടമുറിനമ്പർ രജിസ്റ്റർ പ്രകാരം | കടമുറി ഒഴിഞ്ഞ് തന്ന തിയ്യതി |
|---|---|
| 14 | 01.12.2022 |
| 26 | 22.03.2022 |
| 29 | 01.04.2022 |
| 34 | 01.04.2022 |

5. ചുവടെ കൊടുത്ത സ്ഥാപനങ്ങൾ മെയ്ന്റനൻസിന്റെ ഭാഗമായി അടച്ചിട്ടിരിക്കുകയാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ മെയ്ന്റനൻസ് പൂർത്തീകരിച്ചോ എന്ന വിവരം ലഭ്യമല്ല.

| കടമുറിനമ്പർ രജിസ്റ്റർ പ്രകാരം | മെയ്ന്റനൻസിനായി അടച്ചിട്ട തീയതി |
|---|---|
| 27 | 01.04.2022 |
| 31 | 01.04.2022 |
| 35 | 01.04.2022 |
| 36 | 01.04.2022 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/25.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കടമുറികളിൽ നിന്ന് കുടിശ്ശിക ഇനത്തിലുള്ള വാടക പിഴ പലിശയടക്കം പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി പിരിവിലെ അപാകത

തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഫയൽ നമ്പർ 6455/22 തീയ്യതി 05.12.2022 പ്രകാരം കുഞ്ഞിമൊയ്തീൻ ,റഷീദ എന്നിവർക്ക് ചുവടെ കൊടുത്ത കംപ്ലീഷൻ പ്ലാൻ പ്രകാരം നമ്പർ അനുവദിച്ചിട്ടുണ്ട്.

| കെട്ടിടം | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ |
|---|---|

| | |
|---|---|
| താഴത്തെ നില | 107.96 |
| ഒന്നാം നില | 137.48 |
| രണ്ടാം നില | 12.32 |
| ആകെ വിസ്തീർണ്ണം | 257.76 |

മേൽ കെട്ടിടത്തിന്റെ വസ്തു നികുതി അടവാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ(സഞ്ചയ/ഫോം 6)പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

A. മേൽ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 257.76 ചതുരശ്ര മീറ്റർ ആണെങ്കിലും 245.50 ചതുരശ്ര മീറ്ററിനാണ് നികുതി ചുമത്തിയിട്ടുള്ളത്.

B. മേൽ കെട്ടിടത്തിന്റെ ഉപയോഗക്രമം 200 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ എന്ന ഇനത്തിലാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.എന്നാൽ മേൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 257.76 ചതുരശ്രമീറ്റർ ആണ്.ആയതിനാൽ മേൽ കെട്ടിടം 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യകെട്ടിടം എന്ന ഇനത്തിലാണോ അതോ 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള സൂപ്പർമാർക്കറ്റുകൾ എന്ന ഇനത്തിലാണോ ഉൾപ്പെടുത്തേണ്ടത് എന്നുള്ളത് സ്ഥലപരിശോധന നടത്തി ഉറപ്പ് വരുത്തി ആയതിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തി പുതുക്കിയ വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഫയൽ നമ്പർ 6606/22 തീയ്യതി 12.12.2022 പ്രകാരം യൂനസ് ചെറുപുത്തൂർഎന്നിവർക്ക് ചുവടെ കൊടുത്ത കംപ്ലീഷൻ പ്ലാൻ പ്രകാരം നമ്പർ അനുവദിച്ചിട്ടുണ്ട്.

| കെട്ടിടം | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ |
|---|---|
| താഴത്തെ നില | 142.19 |
| ഒന്നാം നില | 154.40 |
| ആകെ വിസ്തീർണ്ണം | 296.59 |

മേൽ കെട്ടിടത്തിന്റെ ഉപയോഗക്രമം 200 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ എന്ന ഇനത്തിലാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.എന്നാൽ മേൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 296.59 ചതുരശ്രമീറ്റർ ആണ്.ആയതിനാൽ മേൽ കെട്ടിടം 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യകെട്ടിടം എന്ന ഇനത്തിലാണോ അതോ 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള സൂപ്പർമാർക്കറ്റുകൾ എന്ന ഇനത്തിലാണോ ഉൾപ്പെടുത്തേണ്ടത് എന്നുള്ളത് സ്ഥലപരിശോധന നടത്തി ഉറപ്പ് വരുത്തി ആയതിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തി പുതുക്കിയ വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/26.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 വൃദ്ധർക്ക് കട്ടിൽ -ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല

പ്രൊജക്റ്റ് - വൃദ്ധർക്ക് കട്ടിൽ (പ്രോജക്റ്റ് നം- 156/23)

അടങ്കൽ – 913500 (വികസന ഫണ്ട് - പൊതു വിഭാഗം)

ചെലവ് - 484386 രൂപ (ബി.ആർ.എൻ-22150552039501376631/15.03.2023)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്റ്റ് ടെണ്ടർ നടപടികൾ പാലിക്കാതെ കാഡ്കോ മുഖേനയാണ് നടപ്പാക്കിയത്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി കാഡ്കോ-യിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്.(ജി.ഒ(ആർ.ടി) 73/2022/എസ്.പി.ഡി തിയ്യതി.02-11-22) മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ കാഡ്കോ-യ്ക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാതെ ഒരു ഇനം കാഡ്കോ-യിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ 4249/- രൂപ വിലയുള്ള 198സെ.മീ.നീളം * 90സെ.മീ വീതി, മുൻ കാൽ ഉയരം 60സെ.മീ,പിന്നിലെ കാൽ ഉയരം 50 സെ.മീ, മുകളിൽ 8 മി.മീ കനമുള്ള പ്ലൈവുഡ് എന്നീ -അളവുകളുള്ള കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും വാങ്ങുന്നതിന് അനുവദിക്കപ്പെട്ടവയല്ല.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(13/26.9.23) മറുപടിയായി ആർട്കോ, സിഡ്കോ,കാഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ബിഡുകൾ ലഭ്യമാക്കുകയും അവയിലെ കുറഞ്ഞ നിരക്കിലുള്ളത് പ്രൊക്യൂർമെന്റ് കമ്മിറ്റി,ഭരണ സമിതി തീരുമാനമനുസരിച്ച് വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത് എന്നും തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവനുസരിച്ച് ഓപ്പൺ ടെണ്ടർ ആവശ്യമുള്ള സന്ദർഭങ്ങളിൽ അപ്രകാരം ചെയ്യുമെന്നും വിശദീകരണം ലഭ്യമാക്കി. വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ വിരുദ്ധമായി നടത്തിയ വാങ്ങൽ നടപടികൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നത് വരെ 4,84,386/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-16 സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ -ടെണ്ടർ നടപടി സ്വീകരിക്കാതെ നേരിട്ട് വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ആർട്കോ- യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സ്റ്റീൽ ഫർണ്ണീച്ചറുകൾ അവയുടെ വില എന്നിവ വ്യക്തമാക്കി ജി.ഒ(ആർ.ടി) 7/2022/എസ്.പി.ഡി തിയ്യതി 02-02-2022, ജി.ഒ(ആർ.റ്റി)6/22/എസ്.പി.ഡി തീയതി, 2-2-2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ആർട്കോ നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ /ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികൾ മേൽ ഉത്തരവ് പാലിക്കപ്പെടുന്നില്ല.

1.പ്രോജക്റ്റ് നം. 230/23 -ഗവ.എൽ പി സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ

അടങ്കൽ-700000(എം.ജി-നോൺ റോഡ്)

ചെലവ്- 700000

ബിൽ നം.-22150552047400657876/17.10.22- 700000/-

മേൽ പദ്ധതി പ്രകാരം ആർട്കോ, കോഴിക്കോട് നിന്നും (ഇൻവോയിസ് നം. കെ.കെ.ഡി 95 തീ. 15.10.22) താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | പ്രീ ലാമിനേറ്റഡ് ബോർഡ് ടേബിൾ 120*60*75 സെ.മീ | 2 @5891.52 | 13903.99 |
| 2 | ഫൈബർ കസേര | 24 @635.59 | 17999.9 |
| 3 | സ്റ്റീൽ ഡെസ്ക് വിത്ത് ബുക്ക് ഷെൽഫ് 120*40*60 സെ.മീ,ഡബിൾ ഡോർ | 77 @3579.66 | 325247.9 |
| 4 | സ്റ്റീൽ ബെഞ്ച് വിത്ത് ബാക്ക് റെസ്റ്റ് 120*30*35, ഡബിൾ കളർ | 72 @3220.33 | 273599.24 |
| 5 | പ്രീ ലാമിനേറ്റഡ് ബോർഡ് അലമാര 165*90*40 സെ.മീ- വിത്ത് 3ഫിക്സഡ് ഷെൽഫ് | 6 @6498.30 | 46007.96 |
| 6 | പ്രീ ലാമിനേറ്റഡ് ബോർഡ് | 1 | 11089.99 |

| | | | |
|---|---|---|---|
| | അലമാര 198*90*40 സെ.മീ വിത്ത് 4 ഫിക്സഡ് ഷെൽഫ് | @9398.30 | |
| 7 | സ്റ്റീൽ ചെയർ-കുഷ്യൻ സീറ്റ് & ബാക്ക് | 3<br>@3644 | 12899.76 |
| | ആകെ | | 700000 |

2.പ്രോജക്റ്റ് നം. 280/23 -ഗവ.എൽ പി സ്കൂളിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ

അടങ്കൽ-300000(വി ഫ- ജനറൽ- 50000,എം.ജി-നോൺ റോഡ്-250000)

ചെലവ്- 300000

ബിൽ നം.-22150552047401166149/04.02.23- 50000/-

22150552047401168067/09.02.23- 250000/-

മേൽ പദ്ധതി പ്രകാരം ആർട്കോ,കോഴിക്കോട് നിന്നും താഴെ പറയുന്ന ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 3 | സ്റ്റീൽ ഡെസ്ക് വിത്ത് ബുക്ക് ഷെൽഫ് 120*40*60 സെ.മീ, ഡബിൾ കളർ | 32<br>@3579.66 | 135167.96 |
| 4 | സ്റ്റീൽ ബെഞ്ച് വിത്ത് ബാക്ക് റെസ്റ്റ് 120*30*35, ഡബിൾ കളർ | 32<br>@3220.33 | 121599.66 |
| 5 | പ്രീ ലാമിനേറ്റഡ് ബോർഡ് ടേബിൾ 90*60*75 സെ.മീ ,1 ഡ്രായർ,1 കബോർഡ് | 4<br>@3800 | 17936 |
| 6 | പ്രീ ലാമിനേറ്റഡ് ബോർഡ് ടേബിൾ 150*75*75 സെ.മീ ,1 ഡ്രായർ,1 കബോർഡ് രണ്ട് വശത്തും | 2<br>@7200 | 16992 |
| 7 | സ്റ്റീൽ ചെയർ-കുഷ്യൻ സീറ്റ് & ബാക്ക് | 2<br>@3644 | 8599.84 |
| | ആകെ | | 300000 |

മേൽ പദ്ധതികളിൽ വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ആർട്കോ- യിൽ നിന്ന് വാങ്ങുന്നതിന് അനുമതി ഉത്തരവ് ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ആർട്കോ ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (14/26.9.23) ആർട്കോ- യിൽ നിന്ന് സാധനങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാം എന്നുള്ള തെറ്റായ അറിവ് മൂലമാണ് വാങ്ങിയതെന്നും തുടർന്നുള്ള വർഷങ്ങളിൽ സർക്കാർ ഉത്തരവനുസരിച്ച് നിർവഹണം നടത്താമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. ഹെഡ്മാസ്റ്റർ നടപ്പാക്കിയ മേൽ രണ്ട് പദ്ധതികളിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ രണ്ട് പദ്ധതികളിലും കൂടിയുള്ള ചെലവ് 10,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ വാങ്ങൽ നടപടികൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈസൻസ് കളക്ഷൻ ക്രമ പ്രകാരമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ

എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ച് ആയത് പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കുന്നത്.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം11/26.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

To

## 1-18 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50 രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.കൂടാതെ 1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ 8 പ്രകാരം മെഡിക്കൽ ഓഫീസറുടെ സമ്മത പത്രത്തോടെ ലൈസൻസ് എടുക്കേണ്ടതാണ്.എന്നാൽ തിരുന്നാവായ ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 50 രൂപ അടച്ച് രജിസ്ട്രേഷൻ പുതുക്കുന്നുണ്ടെങ്കിലും (ലൈസൻസ് രജിസ്റ്ററിലാണ് മേൽ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്. പ്രത്യേക രജിസ്ട്രേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല) ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | സ്ഥാപനം |
|---|---|
| 18 | ഡെന്റൽ ക്ലിനിക് |
| 77 | ഒമേഗ ലബോറട്ടറി |
| 157 | ക്ലിനിക്കൽ ലബോറട്ടറി |
| 232 | മലബാർ മെഡിക്കൽ ലബോറട്ടറി |
| 252 | ക്ലാസിക് ഹോമിയോ ക്ലിനിക് |
| 330 | ഫിദ ഹൈടെക് മെഡിക്കൽ ലബോറട്ടറി |
| 331 | നീതി പ്ലസ് ലബോറട്ടറി&ക്ലിനിക് |
| 543 | ഫിദ ഹൈടെക് ലാബ് |
| 553 | അമാൻ മെഡിക്കൽ ലബോറട്ടറി |
| 560 | പഞ്ചമം ലാബ് |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 / 26.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കണ്ടു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| രജിസ്റ്റർ പ്രകാരം ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമ |
|---|---|---|
| 532 | വർണ്ണം ജ്വല്ലറി | രാജേഷ്.കെ |
| 531 | കെ.എം സ്റ്റോർസ് | ഹസ്കർ ബാബു |
| 505 | രജിസ്റ്ററിൽ ചേർത്തിട്ടില്ല | മുഹമ്മദ് റക്കീബ് |

| | | |
|---|---|---|
| 482 | രജിസ്റ്ററിൽ ചേർത്തിട്ടില്ല | അബ്ദുൽ ഗഫൂർ&മുഹമ്മദ് അഷ്റഫ് |
| 499 | രജിസ്റ്ററിൽ ചേർത്തിട്ടില്ല | റഷീദ്.സി |
| 493 | രജിസ്റ്ററിൽ ചേർത്തിട്ടില്ല | മുഹമ്മദ് റഫീക്ക് |
| 490 | രജിസ്റ്ററിൽ ചേർത്തിട്ടില്ല | അഷ്റഫ് |
| 484 | രജിസ്റ്ററിൽ ചേർത്തിട്ടില്ല | മുഹമ്മദ് ഷമീം.പി |

1996ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ 8 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കേണ്ടതും ചട്ടം 10 പ്രകാരം ആയത് വർഷം തോറും പുതുക്കേണ്ടതുമാണ്. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/29.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 പഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ - കുടിശ്ശിക പിരിച്ചെടുത്തില്ല.

തിരുന്നാവായ ഗ്രാമ പഞ്ചായത്ത് നേരിട്ടു നടത്തിക്കൊണ്ടിരിക്കുന്ന ആഴാട്ടുകുളം, താഴത്തറ എന്നീ കുടിവെള്ള പദ്ധതികളിൽ നിന്നും ജലമുപയോഗിക്കുന്ന ഉപഭോക്താക്കൾ വെള്ളക്കരം കൃത്യമായി ഒടുക്കുന്നില്ലെന്നും വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക നിലനില്ക്കുന്നതായും ഇത് സംബന്ധിച്ച് ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ നിന്നും മനസ്സിലാകുന്നു. ഉപഭോക്താക്കളിൽ വെള്ളക്കരമിനത്തിലുള്ള തുക (പ്രതിമാസ 53 രൂപ) കൃത്യമായും സമയബന്ധിതമായും പിരിച്ചെടുക്കാത്തത് മൂലം ഓരോ ഉപഭോക്താവും ഭീമമായ കുടിശ്ശിക വരുത്തിയതായി കാണുന്നു.

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വെള്ളക്കരമിനത്തിൽ പഞ്ചായത്തിന് ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | കോഡ് | തുക |
|---|---|---|
| 1 | 140500101- ആർ.പി -4 ഫീസ് &യൂസർ ചാർജ് | 9540/- |
| 2 | 431300202-വെള്ളക്കരം - കുടിശ്ശിക- (വരവ്) | 1961/- |
| 3 | 431300201 വെള്ളക്കരം (തൻവർഷ വരവ്) | 12410/- |
| ആകെ | | 23911/- |

2022-23- ലെചെലവ് വിശദാംശങ്ങൾ ( 2022-23-ലെ ചെലവു രേഖകൾ പ്രകാരം)

| ക്രമ.നം | ചെലവിനം | തുക |
|---|---|---|
| 1 | രണ്ട് പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 473040/- |
| 2 | വൈദ്യുതി ചാർജ് | 68656 |
| 3 | റിപ്പയർ | 28525/-(പ്രൊജക്ട് നം. 145/23)<br>9890/-<br>1600/- = 40015/- |
| | ആകെ | 581711/- |

ശുദ്ധജല വിതരണമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ കണ്ട് അപാകതകൾ താഴെ കൊടുക്കുന്നു.

1. പഞ്ചായത്ത് നേരിട്ടു നടത്തുന്ന രണ്ട് കുടിവെള്ള പദ്ധതികളിൽ നിന്നും ജലമുപയോഗിക്കുന്ന ഏകദേശം 331 ഉപഭോക്താക്കളുണ്ട്. (എണ്ണം സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തലുകളില്ല- 4 വോള്യങ്ങളിലായിട്ടാണ് കളക്ഷൻ

രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും 3-ാം വോള്യത്തിന് സമാന്തരമായി മറ്റൊരു രജിസ്റ്റർ കൂടി സൂക്ഷിക്കുന്നതായി കാണുന്നു.ആയതിനാൽ ഉപഭോക്താക്കളുടെ എണ്ണത്തിൽ വ്യക്തതയില്ല)

2. കേരള ജല അതോറിറ്റി ജല വിതരണം നടത്തുന്ന സ്വകാര്യ കണക്ഷനുകൾക്ക് മീറ്റർ സ്ഥാപിക്കുകയും ഉപഭോക്താവ് ഉപയോഗിക്കുന്ന ജലത്തിന്റെ അളവനുസരിച്ച് കൃത്യമായും സമയബന്ധിതമായും ബിൽ അയക്കുകയും വെള്ളക്കരം പിരിക്കുകയും ചെയ്യുമ്പോൾ, പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്വകാര്യ കണക്ഷനുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ജലത്തിന് വ്യക്തമായ അളവുകൾ എവിടേയും രേഖപ്പെടുത്തുന്നില്ല.

3. കേരള ജല അതോറിറ്റി, ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവനുസരിച്ച് വെള്ളക്കരം നിശ്ചയിച്ച് ഈടാക്കുമ്പോൾ പഞ്ചായത്ത്, പ്രതിമാസം 53 രൂപ മാത്രമാണ് ഒരു ഗുണഭോക്താവിന് വെള്ളക്കരമായി നിശ്ചയിച്ചിരിക്കുന്നത്.

4. കേരള ജല അതോറിറ്റി കൃത്യമായും, സമയബന്ധിതമായും ബില്ലടച്ച് വെള്ളക്കരം ഈടാക്കുമ്പോൾ, പഞ്ചായത്ത് നിയന്ത്രണത്തിലുള്ള കുടിവെള്ള വിതരണപദ്ധതിയിൽ ഒരു ഗുണഭോക്താവും വെള്ളക്കരം കൃത്യമായും സമയബന്ധിതമായും ഒടുക്കുന്നില്ല.

5. വെള്ളക്കരം പിരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് പരിപാലിച്ചു പോരുന്ന കളക്ഷൻ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ ഭൂരിപക്ഷം ഗുണഭോക്താക്കളും ഭീമമായ തുകകൾ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. ഒടുക്കിയ തുകകൾ സംബന്ധിച്ച് കളക്ഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ തന്നെ അപൂർണ്ണവും അവ്യക്തവുമായതിനാൽ ഓരോരുത്തരും എത്ര രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. കുടിശ്ശിക സംബന്ധിച്ച് കണക്കുകൾ സംക്ഷിപ്തം എന്നിവ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുമില്ല.

6. പല ഗുണഭോക്താക്കളുടെയും പേരും അഡ്രസ്സും മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കുടിശ്ശിക സംബന്ധിച്ച രേഖപ്പെടുത്തലുകൾ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.

പല ഗുണഭോക്താക്കളും 06/2004 മുതൽ വെള്ളക്കരമൊടുക്കുന്നില്ലെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേരും വിലാസവും | പ്രതിമാസം ഒടുക്കേണ്ട തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | സൈനബ മൊയ്തീൻ, മാവുംകുന്നത്ത്, തിരുന്നാവായ | 53 | 06/2004 മുതൽ |
| 2 | പാത്തുമ്മ കുഞ്ഞി മുഹമ്മദ്, വെള്ളടത്ത്, തിരുന്നാവായ | 53 | 10/2004 മുതൽ |
| 3 | പി.പി. മുഹമ്മദ്, പടിക്കപ്പറമ്പിൽ, തിരുന്നാവായ | | 09/2004 മുതൽ |
| 4 | ടി.പി. ആലിക്കുട്ടി, തെക്കെപീടിയേക്കൽ, തിരുന്നാവായ | 53 | 11/2006 മുതൽ |
| 5 | സൈതാലിക്കുട്ടി, എടക്കുളത്ത് പുത്തൻവീട്ടിൽ, എടക്കുളം, തിരുന്നാവായ | 53 | 06/2004 മുതൽ |
| 6 | ഐസക് മോറിസ് പുല്ലാറ്റ് വീട്, കൊടക്കൽ | 53 | കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 7 | കുഞ്ഞാലൻ, നടക്കാവ്വ പറമ്പിൽ, തിരുന്നാവായ | 53 | 03/2007 മുതൽ |

ശുദ്ധജല വിതരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യച്ചുമതലയല്ലാതിരിക്കുകയും, കേരള ജല അതോറിറ്റി കാര്യക്ഷമമായി ശുദ്ധജലവിതരണം നടത്തുകയും ചെയ്യുന്നുണ്ടെന്നിരിക്കെ ശുദ്ധജല വിതരണം കേരള വാട്ടർ അതോറിട്ടിയെ ഏൽപ്പിക്കാതെ ഭീമമായ തുക ആവർത്തനച്ചെലവ് വരുന്ന പദ്ധതി തുടർന്നു കൊണ്ട് പോകുകയും

കുടിശ്ശികത്തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്തു വരുന്നതായി കാണുന്നു.

ശുദ്ധ ജല വിതരണത്തിലെ അപാകതകൾ സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 16/29.09.23) സമർപ്പിച്ച മറുപടിയിൽ, നടപടികൾ സ്വീകരിക്കുമെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കളുടെ കുടിശ്ശിക തുക സംബന്ധിച്ച് വ്യക്തവും സമഗ്രവുമായ കണക്കുകൾ തയ്യാറാക്കി കുടിശ്ശികത്തുക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്. മാത്രമല്ല, കളക്ഷൻ രജിസ്റ്ററുകൾ കാലികമാക്കി വെള്ളക്കരം സമയാസമയങ്ങളിൽ പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ 2022-23 വർഷം സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ/കെട്ടിട നമ്പർ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിസ്തൃതി വിവരം (ച.മീറ്ററിൽ) | അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് നൽകിയ ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം (ച.മീറ്ററിൽ) |
|---|---|---|
| എ.എം.എൽ.പി.എസ് തിരുനാവായ 9/381 എ,ബി,സി,ഡി | 273.83 | 588.16 |
| ബി.ഇ.എം.യു.പി.എസ് തിരുനാവായ 14/58എ | 496.96 | 828.16 |
| വി.പി.എൽ.പി.എസ് കാരത്തൂർ 14/181, 182, 183 | 450 | 462.18 |
| എ.എം.യു.പി.എസ് എടക്കുളം 17/463,17/540എ | 167 | 655.76 |
| എം.ഇ.ടി.ഇ.എം.എസ് വൈരങ്കോട് 22/188 മുതൽ 201 വരെ | 364 | 893.04 |
| എൻ.എം.എച്ച്.എസ്.എസ് തിരുനാവായ 9/28എ,ബി,സി,ഡി | 798.86 | 3686.98 |
| എം.ഇ.എസ് തിരുനാവായ 12/96 മുതൽ 12/120 വരെ (99 ഒഴികെ) | 1050 | 1378.34 |
| ഖിദ്മത്തുൽ ഇസ്‌ലാം എടക്കുളം 18/402,403,404ബി,404സി | 1528 | 1675.86 |

കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിച്ചേക്കാം. ഗ്രാമപഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണ്. (ഇക്കാര്യം സൂചിപ്പിച്ച് നൽകിയ 28/30.9.23 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 വടക്കേ വയൽപാടം അംഗനവാടി റോഡ് നിർമ്മാണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവെടുത്തതിലുമുള്ള അപാകത-അധികച്ചെലവ്

അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ മുഖേന പി.എം.സി ആയി നടപ്പാക്കിയ വടക്കേ വയൽപാടം അംഗനവാടി റോഡ് നിർമ്മാണം എന്ന പ്രൊജക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. എസ്.ഒ109/23 വടക്കേ വയൽപാടം അംഗനവാടി റോഡ്.

അടങ്കൽ- 25,00,000 രൂപ.

ഫണ്ടിനം. വികസന ഫണ്ട് (സി.എഫ്.സി)- 3,50,000

തനത് ഫണ്ട്- 50,000

ജില്ലാ പഞ്ചായത്ത്- 21,00,000.
കരാറു കാരൻ- മുഹമ്മദ് റിയാസ്

എം.ബുക്ക് – 45/2022
ചെലവ് – 23,62,745 ബിൽ-103/22.9.22- 87727
ബിൽ-104/22.9.22- 175018
ബി.ആർ.എൻ- 22150552038900623462/6.10.22- 21,00,000

എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയ ഇനങ്ങൾ താഴെ പറയുന്നവയാണ്.

*1.ഡി.ആർ ഫൗണ്ടേഷന് വേണ്ടി മണ്ണ് കിളച്ചു മാറ്റൽ ( സ്പെസി.3.5.1 @ 360.73/cum- ചെയിനേജ് 0/40 മുതൽ 0/90 വരെ 50 മീറ്റർ നീളത്തിൽ ഒരു വശത്ത്.*

*ചെയിനേജ് 0/90 മുതൽ 0/205 വരെ 115 മീറ്റർ നീളത്തിൽ രണ്ടു വശത്തും.*

*2. 205 മീറ്റർ നീളത്തിൽ ശരാശരി 2 മീറ്റർ വീതിയിലും 20 Cm മുതൽ 1 മീറ്റർ വരെ ആഴത്തിൽ കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ച് നികത്തൽ.( ഒ.ഡി277079/2021-22 @ 309.76/ക്യൂബിക് മീറ്റർ)*

*3.കിളച്ചെടുത്ത മണ്ണ് വശങ്ങളിലും കരിങ്കൽ കെട്ടിനിടയിലും നിക്ഷേപിക്കൽ.(ഒ.ഡി281011/2021-2022 @ 271.05/ക്യൂബിക് മീറ്റർ)*

*4.ഡി.ആർ മേസൻറി വിത്തൗട്ട് കോൺക്രീറ്റ് ലെവലിംഗ് കോഴ്സ് ( ഒ.ഡി 277108/2021-2022 @ 3660.07/ക്യൂബിക് മീറ്റർ)*

*<u>ഫൗണ്ടേഷൻ</u> ചെയിനേജ് 0/40 മുതൽ 0/90 വരെ 50 മീ. നീളം, 0.70 മീ വീതി, 0.30 കനം*

*0/90 മുതൽ 205 വരെ ഇരുവശത്തും 115 മീ. നീളം, 0.90 മീ വീതി, 0.40 കനം*

*<u>സൂപ്പർ സ്ട്രെക്ചർ</u>0/40 മുതൽ 0/90 വരെ 50 മീ. നീളം, 0.50 മീ വീതി, 0.60 കനം*

*0/90 മുതൽ 205 വരെ ഇരുവശത്തും 115 മീ. നീളം, 0.50+0.70/2 മീ വീതി, 1.20 കനം*

*5. ക്വാറിമക്ക് ഫില്ലിംഗ്- (ഒ.ഡി .277168/2021-2022 @ 940.22/ക്യൂബിക് മീറ്റർ)- 205 മീറ്റർ നീളത്തിൽ 2 മുതൽ 3 മീറ്റർ വീതി, 0.15 മീ കനം.*

*6. പി.സി.സി- റോഡ് കോൺക്രീറ്റിംഗ് 0/00 മുതൽ 0/205 വരെ ( 11.4.3.1 @ 8323.43/ക്യൂബിക് മീറ്റർ) 205 മീ* 3 മീ* 0.15 മീ .*

*7. ബോർഡ് സ്ഥാപിക്കൽ ( ഒ.ഡി.277237/2021-22 @ 2742.12/ഇ).*

<u>പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം ചെയ്ത ഇനങ്ങളുടെ വിശദാംശങ്ങൾ.</u>

1. 01- ഡി.ആർ ഫൗണ്ടേഷന് വേണ്ടി മണ്ണ് കിളച്ചു മാറ്റൽ( സ്പെസി.3.5.1 @ 360.73/*ക്യൂബിക് മീറ്റർ* ഇടതു വശം 152 മീ, വലതു വശം-124.3 മീ. ആകെ 95.04*ക്യൂബിക് മീറ്റർ* (മെഷർ - അസി.എഞ്ചിനീയർ സിഡ്കോ 21.3.22 ചെക്ക് മെഷർ 21.3.22 ചെക്ക് മെഷർമെന്റ് ഓഫീസർ സിഡ്കോ)എം.ബുക്ക് പേജ് 2,3)

1.04- ഡി.ആർ മേസനറി-ഫൗണ്ടേഷൻ- ഇടതു വശം 172.2 മീ.

” വലതു വശം- 124.3 മീ.( ചെക്ക് മെഷർ 8.4.22 സിഡ്കോ) എം.ബുക്ക് പേജ് 6,7)

1.02 ഫില്ലിംഗ് 47 മീ. ആകെ അളവ് 63.488 *ക്യൂബിക് മീറ്റർ*. (ചെക്ക് മെഷർ 11.4.22 സിഡ്കോ) എം.ബുക്ക് പേജ് 8)

ഫില്ലിംഗ് 30 മീ ആകെ അളവ്- 46.667 *ക്യൂ. മീ.*(ചെക്ക് മെഷർ 12.4.22 സിഡ്കോ) എം.ബുക്ക് പേജ് 9)

ഫില്ലിംഗ് 60 മീ ആകെ അളവ്- 81.60 *ക്യൂ. മീ* (ചെക്ക് മെഷർ 13.4.22 സിഡ്കോ) എം.ബുക്ക് പേജ് 10)

ഫില്ലിംഗ് 50.10 മീ ആകെ അളവ്- 68.136 *ക്യൂ. മീ* (ചെക്ക് മെഷർ 14.4.22 സിഡ്കോ) എം.ബുക്ക് പേജ് 11)

1.03 ഫില്ലിംഗ്- ഡി.ആർ മേസനറി ക്ക വേണ്ടി കിളച്ചുമാറ്റിയ മണ്ണ് 95.04*ക്യ. മീ*(ചെക്ക് മെഷർ 23.4.22 സിഡ്കോ) എം.ബുക്ക് പേജ് 12)

1.05 ക്വാറി മക്ക് ഫില്ലിംഗ്- 187.1 മീ നീളത്തിൽ. ആകെ അളവ്- 66.87 *ക്യ. മീ* (ചെക്ക് മെഷർ 23.4.22 സിഡ്കോ) എം.ബുക്ക് പേജ് 14)

1.06 പി.സി.സി- 194 മീ.നീളം 15സെ.മീ കനം,ശരാശരി 3 മീറ്റർ വീതിയിൽ. ആകെ 91.43 *ക്യ. മീ.* (ചെക്ക് മെഷർ 9.6.22 സിഡ്കോ) എം.ബുക്ക് പേജ് 15).

പ്രവ്യത്തിയുടെ എസ്റ്റിമേറ്റ്, അളവെടുക്കൽ ,മൂല്യനിർണ്ണയം എന്നിവയിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ ഉള്ളതായി കാണുന്നു.

1. ഓഡിറ്റിന്റെ ഭാഗമായി 27.9.2023 ന് ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ റോഡിന്റെ ഇരുവശങ്ങളിലും ഡി.ആർ.മേസനറി ചെയ്ത് അതിനു മേലെ പി.സി.സി ബെൽറ്റ് ചെയ്തതായും ശേഷം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നടത്തിയതായും മനസ്സിലായി. ഡി.ആർ.മേസനറി ക്ക മുകളിൽ പി.സി.സി ചെയ്ത ശേഷമാണ് ഫില്ലിംഗ് നടത്തിയ പ്രതലത്തിൽ മാത്രമായി കോൺക്രീറ്റ് ചെയ്തതെന്ന് നേരിട്ട് പരിശോധിക്കുമ്പോൾ മനസ്സിലാക്കാം. എന്നാൽ പ്രവത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവെടുത്തതും ബില്ല് തയ്യാറാക്കിയതും ഡി.ആർ.മേസനറി ചെയ്ത ഭാഗവും കൂടി ഒന്നായി പരിഗണിച്ചാണ്. ഇത് കാരണം പ്രവൃത്തിക്ക് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.

ഡി.ആർ.മേസനറി ക്ക് മുകളിൽ ബെൽറ്റ് കോൺക്രീറ്റിംഗിന് ഫോം വർക്ക് ഉൾപ്പെടുന്ന 11.4.3.1 പ്രകാരമുള്ള 8323.43/ക്യൂ.മീ നിരക്കും റോഡ് പ്രതലത്തിൽ 1:2:4 പി.സി.സി ചെയ്യുന്നതിന് ഫോംവർക്ക് ഉൾപ്പെടാത്ത 8036.83/ക്യൂ.മീ എന്ന നിരക്കുമാണ് ഈ പ്രവൃത്തിക്ക് അനുവദനീയം (ഗ്രാമ പഞ്ചായത്തിന്റെ സമാനമായ റോഡ് പ്രവത്തികളിൽ ഒ.ഡി 20520/2022-23 പ്രകാരമുള്ള 8036.83/ക്യൂ.മീ ആണ് അനുവദിച്ചിട്ടുള്ളത്)

ഇതു പ്രകാരമുള്ള അധികച്ചെലവിന്റെ വിവരം താഴെ കൊടുക്കുന്നു.

ഡി.ആർ.മേസനറി ചെയ്തതു പ്രകാരം പി.സി.സിക്ക് 11.4.3.1 പ്രകാരം 8323.43/ക്യൂ.മീ അനുവദിക്കാവുന്നത്-

( എം.ബുക്ക് പ്രകാരം ചെയ്തത്) 276.50മീ*0.5മീ*.15മീ=20.7375 ക്യൂ.മീ

20.7375 ക്യൂ.മീ*8323.43/ക്യൂ.മീ= 172607.12

8036.83/ക്യൂ.മീ നിരക്ക് മാത്രം അനുവദനീയമായത്- 91.43-20.7375= 70.6925 ക്യൂ.മീ

അനുവദിക്കാവുന്ന തുക = 70.6925*8036.83= 568143.60

പി.സി.സി ക്ക് ആകെ അനുവദിക്കാവുന്നത്= 172607.12+568143.60= 740750.72
ഈ ഇനത്തിൽ ആകെ അനുവദിച്ചത് = 91.43 X8323.43=761011.00

അധികം നൽകിയത് ( 18% ജി.എസ്.ടി ഉൾപ്പെടെ) 20260.48+3646.88 =23907/-

2. പ്രവൃത്തിയുടെ ബില്ല് പ്രകാരം ആകെ മൂല്യ നിർണ്ണയ തുക = 1854006.

മൂല്യ നിർണ്ണയത്തിൽ നിന്നും അനുവദനീയമല്ലാത്ത 20260 രൂപ കുറച്ചാൽ കിട്ടുന്നത് = 1854006-20260=1833746
അനുവദനീയമായ സെന്റേജ് ചാർജ് 1833746 X 8%= 146700

നൽകിയത്= 148320+18%= 175018
(1854006 X 8%GST)

അധികം നൽകിയത് ( 18% ജി.എസ്.ടി ഉൾപ്പെടെ)= 1620+292= 1912 രൂപ.

ആകെ അധികം നൽകിയ തുക 25819 രൂപ (23907+1912) തിരികെ ഈടാക്കേണ്ടതാണ്.

എൻക്വയറി : 29/30.9.23 മുഖേന ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ, മൂല്യനിർണ്ണയം തുടങ്ങിയ എല്ലാ നടപടികളും അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ മുഖേനയായതിനാൽ മേൽ പരാമർശങ്ങൾ അക്രഡിറ്റഡ് ഏജൻസിയെ അറിയിച്ച് മറുപടി ലഭ്യമാവുന്ന മുറക്ക് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 കമ്മാറമ്പ് വൈരങ്കോട് റോഡ് ഡ്രൈനേജ് നിർമ്മാണം അപാകതകൾ

സിഡ്കോ മുഖേന ചെയ്ത കമ്മാറമ്പ് വൈരങ്കോട് റോഡ് ഡ്രൈനേജ് നിർമ്മാണം എന്ന പ്രവൃത്തിയിൽ താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു.

1. റോഡ് സൈഡിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കുന്നതിന് ( ഇനം 1) മോർഡ് ഡാറ്റാ 3.5.1 പ്രകാരം " എസ്കവേഷൻ -മാനുവൽ മീൻസ്" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. പ്രവൃത്തി നടത്തിയിരിക്കുന്നത് 6 മീറ്ററിൽ വീതിയുള്ള റോഡിന്റെ അരികിലാണ്. അതിനാൽത്തന്നെ മണ്ണ് നീക്കുന്നതിന് യന്ത്ര സംവിധാനം ഉപയോഗിക്കാൻ സാധിക്കുന്ന സ്ഥലത്താണ് പ്രവത്തി നടത്തിയത് എന്ന് വ്യക്തമാകുന്നുണ്ട്.

1 മീറ്റർ വീതിയിലും, 160 മീറ്റർ നീളത്തിലും ശരാശരി 54 മീറ്റർ നീളത്തിൽ 0.6 മീറ്റർ ( 0/25 മുതൽ 0/54), 106 മീറ്റർ നീളത്തിൽ 0.9 മീറ്റർ ( 0/00 മുതൽ 0/25 And 054 മുതൽ 0/160) ആഴത്തിൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ഡോസർ, ഹൈഡ്രോളിക് എസ്കവേറ്റർ എന്നിവ ഉപയോഗിക്കുന്നതിന് റോഡു സൗകര്യം ഉള്ളതിനാൽ ഈ പ്രവൃത്തിക്ക് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നിരക്ക് (മോർഡ് കോഡ് 3.5.3) ആണ് അനുവദനീയമായത്. മേൽ പ്രവൃത്തിയിൽ മാനുവൽ ആയി മണ്ണ് നീക്കം ചെയ്തതായി കണക്കാക്കി ഉയർന്ന നിരക്ക് (മോർഡ് കോഡ് 3.5.1) ആണ് അനുവദിച്ചിട്ടുള്ളത്. അധിക നിരക്ക് നൽകിയത് ക്രമ പ്രകാരമല്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് | കമ്മാറമ്പ്-വൈരങ്കോട് ഡ്രെയിനേജ്(113/23) |
| അടങ്കൽ/ ചെലവ് | 1400000/1222738 സി.എഫ്.സി (ടൈഡ് ) |
| കരാർ | കെ.എസ്.സി.ഡി.എൻ/72/2021 തിയ്യതി 23.2.2022 |
| ടി എസ് | കെ.എസ്.സി.ഡി.എൻ/69/2021 തിയ്യതി 31.1.22- 1097933 |
| വൗച്ചർ | ചെലവ് : 1245326<br>667946- ബിൽ 123/21.10.22<br>41665-ബിൽ 151/2.12.2022<br>535715 -ബിൽ 150/2.12.2022 |
| കരാറുകാരൻ | മുഹമ്മദ് റിയാസ്.കെ |
| പ്രവൃത്തി ഇനം 1<br>നൽകിയ തുക<br>(മോർഡ്-കോഡ് 3.5.1<br>പ്രകാരം- @ 360.73/ ക്യു.മീ- കോസ്റ്റ് ഇന്ഡക്സ് 36.44%) | 45879.08+18%GST= 54137<br>(127.184 ക്യു.മീ * 360.73/ക്യു.മീ) |
| നൽകാവുന്ന തുക<br>(മോർഡ്-കോഡ് 3.5.3<br>പ്രകാരം- @ 36.47/ ക്യു.മീ- Cost Index 36.44% ) | 4638.40<br>(127.184 ക്യു.മീ * 36.47/ക്യു.മീ) |
| അധികം നൽകിയ തുക | 48664/- (le, 41241+18% ജി.എസ്.ടി) |

2.സിമന്റ് കോൺക്രീറ്റിന് അധിക നിരക്ക് നൽകി

ഈ പ്രവൃത്തിയുടെ ഇനം 2 ആയി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ്, @7841.67/m3, നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ്,@7540.08/ക്യു.മീ, ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

| നൽകിയ തുക (കോഡ് 11.4.1.1) | നൽകാവുന്ന തുക | അധികം (18% ജി.എസ്.ടി |
|---|---|---|

| | | |
|---|---|---|
| | | അടക്കം) |
| 24.789x7841.67/ക്യു.മീ=194387 | 24.789x7540.08/ക്യു.മീ= 186911 | 7476+1346= 8822 |

3. 20 സെ.മീ വീതിയിൽ ഡ്രെയിനേജിന്റെ രണ്ടു വശങ്ങളിലും സൈഡ് വാൾ നിർമ്മിച്ചിട്ടുണ്ട്. ആയത് ഒഴിവാക്കി 60 സെ.മീ വീതിയിലും 5 സെ.മീ കനത്തിലും ഡ്രെയിനേജ് ബെഡിൽ വിയറിംഗ് കോട്ട് നൽകിയിട്ടുണ്ട്. ആയതിന് 11.4.3.1 പ്രകാരം സെന്ററിംഗിന് ഉൾപ്പെടെയുള്ള 8323.43/ക്യു.മീ നിരക്ക് നൽകിയതു കാരണം താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| നൽകിയ തുക (കോഡ് 11.4.3.1) | നൽകാവുന്ന തുക | അധികം (18% ജി.എസ്.ടി അടക്കം) |
|---|---|---|
| 4.801 X8323.43/ക്യു.മീ= 39960.78 | 4.801x8003.29/ക്യു.മീ= 38423.79 | 1537+276 = 1813 |

4. ക്രമ നമ്പർ 1,2,3 പ്രകാരം ആകെ അധികം നൽകിയ തുക 50254 + ജി.എസ്.ടി 9045

പ്രവൃത്തിയുടെ മൂല്യ നിർണ്ണയ തുക 1036219.35 + ജി.എസ്.ടി 186519.48.

സെന്റേജ് ചാർജ് നൽകിയത് - 83019+ 18%ജി.എസ്.ടി 14944= 97963.

ക്രമ നമ്പർ 1,2,3 അധിക ചെലവ് കുറച്ചാൽ യഥാർത്ഥ മൂല്യനിർണ്ണയ തുക 1036219.35-50254= 985965

നൽകാവുന്ന സെന്റേജ് ചാർജ് @ 8%= 78877 + ജി.എസ്.ടി 18% 14198=93075

സെന്റേജ് ഇനത്തിൽ അധികം നൽകിയത്- 97963-93075= 4888 ( ജി.എസ്.ടി ഉൾപ്പെടെ).

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

എൻക്വയറി : 30/30.9.23 മുഖേന ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ, മൂല്യനിർണ്ണയം തുടങ്ങിയ എല്ലാ നടപടികളും അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ മുഖേനയായതിനാൽ മേൽ പരാമർശങ്ങൾ അക്രഡിറ്റഡ് ഏജൻസിയെ അറിയിച്ച് മറുപടി ലഭ്യമാവുന്ന മുറക്ക് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-24 ചേരുലാൽ അനന്താവൂർ പാടം റോഡ് ഡ്രെയിനേജ് നിർമ്മാണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അളവെടുത്തതിലുമുള്ള അപാകത-അധികച്ചെലവ്

അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ പി.എം.സി ആയി നടപ്പാക്കിയ ചേരുലാൽ അനന്താവൂർ പാടം റോഡ് ഡ്രെയിനേജ് നിർമ്മാണം എന്ന പ്രൊജക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഫണ്ടിനം- വികസന ഫണ്ട് (സി.എഫ്.സി)

പ്രൊജക്ട് നം. എസ്.ഒ.114/23 ചേരുലാൽ അനന്താവൂർ പാടം റോഡ് ഡ്രെയിനേജ് നിർമ്മാണം
അടങ്കൽ- 763,000 രൂപ.

എം.ബുക്ക് – 26/2022,26/2022(എ)
ചെലവ്-(2022-23 ൽ)- ബിൽ 37/8.6.22- 2995
ബിൽ 38/8.6.22- 49711
(2021-22 ൽ ചെലവ് -688411)

പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, അളവെടുക്കൽ, മൂല്യനിർണ്ണയം എന്നിവയിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ ഉള്ളതായി കാണുന്നു.

1:3:6 ബെഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 11.4.1.1 പ്രകാരമുള്ള 7841.67/ക്യു.മീ നിരക്കാണ് അനുവദിച്ചിട്ടുള്ളത്. മോര്ഡ്-ലെ 11.4.1.1 പ്രകാരമുള്ള നിരക്ക് ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തികളുള്ളതാണ്. മേൽ പ്രവൃത്തിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ആയതിനാൽ 11.4.1.1 എന്ന ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (അതായത് 4%) കിഴിച്ചുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.( 34 മീറ്റർ നീളം ആർ.ആർ മേസനറി ചെയ്ത പ്രതലത്തിലും ഇതേ നിരക്കിൽ ബെഡ് കോൺക്രീറ്റ് ചെയ്തതും ഉൾപ്പെടെ- എം ബുക്ക് 26/2022 പേജ് 7).

പ്രവൃത്തിയുടെ ഇനം 1 ആയി മണ്ണ് കിളച്ച് മാറ്റിയതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 3.5.1 പ്രകാരം 25 മീറ്റർ

നീളത്തിൽ 1.6 മീറ്റർ വീതിയിലും 15 സെ.മീ ആഴത്തിൽ, 8 മീറ്റർ നീളത്തിൽ 1.05 മീറ്റർ വീതിയിലും 15 സെ.മീ ആഴത്തിലും , 133 മീറ്റർ നീളത്തിൽ 0.80 മീറ്റർ വീതിയിലും 65 സെ.മീ ആഴത്തിലും ആകെ 166 മീറ്റർ നീളത്തിൽ മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. എസ്കവേഷൻ നടത്തിയ നീളത്തിലും വീതിയിലും 15 സെ.മീ കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ഡ്രൈനേജിന്റെ ഇരുവശങ്ങളിൽ സൈഡ് വാൾ ചെയ്തിട്ടുമുണ്ട്.

1.

| അനുവദിച്ച തുക<br>ഇനം 3 | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് |
|---|---|---|
| 22.98 ക്യൂ.മീ@ 7841.67/ക്യൂ.മീ = 180201<br>( ബെഡ് കോൺക്രീറ്റിനും സൈഡ് വാളിനും ഒരേ ഇനമായി കാണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും വേറെ വേറെ ചെയ്യുന്ന പ്രവൃത്തികളായിട്ടു കൂടി ഒന്നിച്ച് അളവെടുത്തതായി എം ബുക്കിൽ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്) | 22.98 ക്യൂ.മീ @7540.08/ക്യൂ.മീ (ഫോം വർക്കിനുള്ള 4% കിഴിച്ച്)-=173271 | 6930+<br>12%ജി.എസ്.ടി 832 = 7762 രൂപ |

2. ഇനം 1.08 ആയി ഡ്രെയിനേജിന് 5 സെ.മീ കനത്തിൽ മോർഡ് 11.4.3.1 പ്രകാരം 1:2:4 പി.സി.സി വിയറിംഗ് കോട്ട് ചെയ്യുതിന് ഫോം വർക്ക് ഉൾപ്പെടുന്ന 8323.43/ക്യൂ.മീ നിരക്കാണ് അനുവദിച്ചത്. എന്നാൽ ഫോം വർക്ക് ആവശ്യമില്ലാത്തതിനാൽ 4% കുറച്ച് 8003.29/ക്യൂ.മീ എന്ന നിരക്കാണ് അനുവദനീയം. ഇക്കാരണത്താൽ ഉള്ള അധിക ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

<u>അനുവദിച്ചത്.</u>

3.485ക്യൂ.മീ* 8323.43/ക്യൂ.മീ=29007.15

അനുവദിക്കാവുന്നത്= 3.485ക്യൂ.മീ*8003.29/ക്യൂ.മീ= 27891.46

അധികം- 29007.15- 27891.46 = 1115+ ജി.എസ്.ടി 12% 134= 1249 രൂപ.

ആകെ അധികം നൽകിയത് -ക്രമ നം1 & 2 = 8045 + 966 ജി.എസ്.ടി

3. പ്രവൃത്തിയുടെ ആകെ മൂല്യ നിർണ്ണയം- 598604.67

തെറ്റായ നിരക്ക് നൽകിയത് കുറച്ചാൽ - 590560( 598605-8045)

നൽകിയ സെന്റേജ് ചാർജ്- 47888+ 8620 ജി.എസ്.ടി @ 18%=56508.

നൽകാവുന്ന സെന്റേജ് ചാർജ്- 47245+ 8504 ജി.എസ്.ടി @18%=55749

അധികം നൽകിയത്- 759( ജി.എസ്.ടി ഉൾപ്പെടെ).

ഒട്ടാകെ അധികം= 7762+1249+ 759= 9770 രൂപ

എൻക്വയറി : 31/30.9.23 മുഖേന ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി,ടെണ്ടർ നടപടികൾ, മൂല്യനിർണ്ണയം തുടങ്ങിയ എല്ലാ നടപടികളും അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ മുഖേനയായതിനാൽ മേൽ പരാമർശങ്ങൾ അക്രഡിറ്റഡ് ഏജൻസിയെ അറിയിച്ച് മറുപടി ലഭ്യമാവുന്ന മുറക്ക് റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-25 അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള മരാമത്ത് പണികൾ-എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും ക്രമക്കേടുകൾ

2022-23 വർഷം സിഡ്കോ പി.എം.സി അടിസ്ഥാനത്തിൽ 2021-22 ഏറ്റെടുത്തത് ഉൾപ്പെടെ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് | അടങ്കൽ |
|---|---|---|
| 1 | 110/23 അഴകത്ത് കുളം ഊളാംതോട് ജലസംരക്ഷണം ഷട്ടർ സ്ഥാപിക്കൽ | 5,00,000 – സി.എഫ്.സി-ടൈഡ് |

| | | |
|---|---|---|
| 2 | 96/23 വരിക്കോട്ട് ചിറ കുളവും തോട്ടം നവീകരണവും സൗന്ദര്യവൽക്കരണവും | 10,00,000 -സി.എഫ്.സി-ടൈഡ് |
| 3 | 109/23 വടക്കേ വയൽ പാടം അംഗനവാടി റോഡ് | 25,00,000 സി.എഫ്.സി-3,50,000 തനത് ഫണ്ട് 50,000 ജില്ലാ പഞ്ചായത്ത് 21,00,000 |
| 4 | 97/23 ചെറുപാടം ആലഞ്ചേരി തോട് സൈഡ് കെട്ടി സംരക്ഷണം | 9,00,000 സി.എഫ്.സി |
| 5 | 114/23 ചേരുലാൽ അനന്താവൂർ പാടം റോഡ് ഡ്രൈനേജ് നിർമ്മാണം | 7,63,000 സി.എഫ്.സി |
| 6 | 113/23 കമ്മാരമ്പ് വൈരങ്കോട് റോഡ് ഡ്രൈനേജ് നിർമ്മാണം | 14,00,000 സി.എഫ്.സി |

16.08.2021-ലെ 1/6- നമ്പർ തീരുമാനം, 27.11.2021 ലെ 1(1) നമ്പർ യോഗ തീരുമാനം എന്നിവ പ്രകാരമാണ് പ്രവൃത്തികൾ സിഡ്കോയെ ഏൽപിച്ചത്.

1) ഗ്രാമ പഞ്ചായത്തിന് സ്വന്തമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ കീഴിൽ എഞ്ചിനീയറിങ്ങ് വിങ്ങ് നിലവിലുണ്ട്. എന്നാൽ ഈ പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതും സാങ്കേതികാനുമതി നൽകിയതും സിഡ്കോ എന്ന സ്ഥാപനമാണ്.

(2) അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന വർക്കുകൾ സംബന്ധിച്ച് സർക്കാർ പുതുക്കിയ വിശദമായ മാർഗരേഖ ജി.ഒ(പി)67/2021 /ഫിൻ തിയ്യതി 28-4-21 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ 5-2 പാരഗ്രാഫിൽ തന്നെ വ്യക്തമാക്കുന്നത് If There Are Circumstances Narrating The Service Of Accredited Agencies Like Specialised Nature Of Work , Time Limit Fixed By The Funding Agency, Heavy Work Load Of The Designated Agency Etc., The Administration Department Seek The Service Of A Competent Accredited Agency For The Work എന്നാണ്. ഇവിടെ ഇത്തരം ഒരു സാഹചര്യം ഉള്ളതായി ഫയലുകളിൽ വ്യക്തമാക്കിയിട്ടില്ല.

(3) മേൽ ഉത്തരവിലെ ക്രമ നമ്പർ ഖണ്ഡിക 6-1 പ്രകാരം Selection Shall Be Done Among The Qualified Acredited Agencies Through A Transparent Bidding Process According To The Type Of Work, Technical Requirement PMC Charge Etc., Only. എന്നും വ്യക്തമായ രീതിയിൽ മാർഗനിർദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇത്തരം സെലക്ഷൻ നടപടികൾ ഇല്ലാതെ നേരിട്ട് സിഡ്കോയെ പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്.

സിഡ്കോ മുഖേന നടത്തിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ.

ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ തരത്തിലുള്ള പ്രൊജക്ടുകൾ തന്നെയാണ് സിഡ്കോയെ നിർവ്വഹണം ഏൽപിച്ചിട്ടുള്ളത്. റോഡ് കോൺക്രീറ്റിംഗ്, ഡ്രെയിനേജ് പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കുകൾ നല്കി വെവ്വേറെ ചെയ്യേണ്ട ഇനങ്ങൾ ഒറ്റ ഇനമായി ഉൾപ്പെടുത്തി അർഹതയില്ലാത്ത കൂടിയ നിരക്ക് ഉൾപ്പെടുത്തുക വഴി അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

(I)വടക്കേ വയൽ പാടം റോഡ് നിർമ്മാണത്തിന് കരിങ്കൽ പടവ് നടത്തി അതിനു മേലെ ബെൽറ്റ് കോൺക്രീറ്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റോഡിനായി എർത്ത് ഫില്ലിംഗ് നടത്തി മുകളിൽ കോൺക്രീറ്റ് ചെയ്യുന്നതിനും ഒറ്റ ഇനമായി എസ്റ്റിമേറ്റ് തയ്യാറാക്കി. ഈ രണ്ട് പ്രവൃത്തികളും പ്രത്യേകമായി ചെയ്തിട്ടുള്ളതായി സൈറ്റിൽ നേരിട്ടു പരിശോധിച്ചതിൽ നിന്നു വ്യക്തമായി. അപ്രകാരമാണ് പ്രവൃത്തി ചെയ്യേണ്ടതും. എന്നാൽ വേറെ വേറെ ചെയ്ത പ്രവൃത്തികൾ ഒറ്റ ഇനമായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഒന്നിച്ച് അളവ് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയതു വഴി വ്യത്യസ്ത നിരക്ക് നൽകേണ്ടവക്ക് ഒരേ നിരക്ക് അനുവദിച്ചിട്ടുണ്ട്. ഇത് ക്രമ പ്രകാരമുള്ള നടപടിയല്ല. ഇതു വഴി അധികചെലവും ഉണ്ടായിട്ടുണ്ട്.

(Ii)ചേരുലാൽ അനന്താവൂർ പാടം റോഡ് ഡ്രെയിനേജിന് ബെഡ് കോൺക്രീറ്റ്, സൈഡ് വാൾ പ്രത്യേകമായി ചെയ്യേണ്ടതും അപ്രകാരമാണ് യഥാർത്ഥത്തിൽ ചെയ്തിട്ടുള്ളതും എന്നിരിക്കെ അവ ഒറ്റ ഇനമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവെടുക്കുകയും സൈഡ് വാളിന് അനുവദനീയമായ കൂടിയനിരക്ക് നൽകി മൂല്യനിർണ്ണയം നടത്തുകയും ചെയ്തത് ക്രമ പ്രകാരമല്ല. ഇതു വഴി അധികചെലവും ഉണ്ടായിട്ടുണ്ട്.

(Iii) ഫോം വർക്ക് ആവശ്യമില്ലാത്ത സംഗതിയിലും ഫോംവർക്ക് ഉൾപ്പെടുന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി

എസ്റ്റിമേറ്റ് തയ്യാറാക്കി.

(lv) വീതി കൂടിയ റോഡിന്റെ വശങ്ങളിൽ ഡ്രെയിനേജിനായി മണ്ണെടുക്കുന്നതിന് യന്ത്രസഹായത്തോടെ കുറഞ്ഞ നിരക്കിൽ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കാതെ Manual Means ഉൾപ്പെടുത്തി കൂടിയ നിരക്ക് നല്കുന്നതിന് ഇടയാക്കി. ഇതു വഴി അധികചെലവും ഉണ്ടായി.

2. വ്യത്യസ്ത സമയങ്ങളിൽ ചെയ്യുന്ന പ്രവൃത്തികൾ വെവ്വേറെ അളവ് രേഖപ്പെടുത്താതെ ഒന്നിച്ച് ഒരു ഇനമായി അളവു രേഖപ്പെടുത്തി.

3. വെവ്വേറെ ചെയ്യേണ്ട പ്രവൃത്തികൾ ഒന്നായി അളവ് രേഖപ്പെടുത്തുക വഴി അർഹതയില്ലാത്ത നിരക്ക് അനുവദിക്കുകയും ഗ്രാമ പഞ്ചായത്തിന് നഷ്ടം ഉണ്ടാവാൻ കാരണമാവുകയും ചെയ്തു.

4. അക്രഡിറ്റഡ് ഏജൻസിയെ പി.എം.സി ആയി പ്രവൃത്തി എല്പിക്കുന്ന സാഹചര്യത്തിൽ, പി.എം.സി നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഐറ്റം റേറ്റ് അടിസ്ഥാനത്തിൽ സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടലിലൂടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യേണ്ടതാണെന്ന് സ.ഉ (പി) നം. 67/2021/ഫിൻ തീയതി 28-4-21 ൽ വ്യക്തമാക്കിയിട്ടുണ്ട്. ലഭിച്ച ടെണ്ടറുകളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ തന്നെയാണോ പ്രവൃത്തി നിർവ്വഹിച്ചതെന്നും കരാറുകാർ ക്വാട്ട് ചെയ്ത നിരക്കിൽ തന്നെയാണോ തുക നൽകിയതെന്നും വ്യക്തമല്ല.

5) പ്രവൃത്തിയുടെ സവിശേഷ സ്വഭാവം, ഫണ്ടിംഗ് ഏജൻസി നിശ്ചയിക്കുന്ന സമയപരിധി പാലിക്കൽ, പ്രവൃത്തി ചെയ്യാൻ ചുമതലപ്പെട്ട ഏജൻസിയുടെ/ഓഫീസിന്റെ കനത്ത ജോലി ഭാരം മുതലായ സാഹചര്യങ്ങൾ ഉണ്ടാവുമ്പോൾ അക്രഡിറ്റഡ് ഏജൻസിയുടെ സേവനങ്ങൾ ആവശ്യമെങ്കിൽ തേടാവുന്നതാണെന്ന് സ.ഉ (പി) നം. 67/2021/ഫിൻ തീയതി 28-4-21 ൽ വ്യക്തമാക്കിയിട്ടുണ്ട്. അത്തരം സാഹചര്യങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 32/30-09-2023 അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം- അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് നൽകിയത്-ചെലവു തുക നിരാകരിക്കുന്നു

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ച എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം എന്ന പ്രൊജക്ടിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ ഒരാൾ സബ്സിഡി മാർഗരേഖ പ്രകാരമുള്ള യോഗ്യതാ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 122/23 |
| പ്രൊജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ തുക | 690000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 625284/- (ബിൽ നം. 24/22.10.2022) |
| തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 18 |
| വിതരണം ചെയ്യുന്നതിനു വേണ്ടി വാങ്ങിയ ലാപ്പ്ടോപ്പുകളുടെ എണ്ണം | 18 |
| ലാപ്പ്ടോപ്പ് യൂണിറ്റ് വില | 34738 |

മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം ലാപ്പ്ടോപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഒരാൾ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ടി ആനുകൂല്യത്തിന് അർഹരല്ലന്ന് കാണുന്നു. വിശദാംശങ്ങൾ ഭാഗം 3-ൽ കൊടുത്തിട്ടുണ്ട്.

## 1-27 എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി- 2021-22-ലെ സ്പിൽ ഓവർ പ്രൊജക്ട് - നിർമ്മാണം പൂർത്തീകരിച്ചില്ല.

2022-23 സാമ്പത്തിക വർഷത്തിലെ സ്പിൽ ഓവർ ആക്കി മാറ്റിയ, പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി നിർമിക്കുന്നതിനുള്ള ധനസഹായം എന്ന പ്രൊജക്ട് നാളിതുവരെ ലക്ഷ്യം

പൂർത്തീകരിച്ചിട്ടില്ല. പ്രൊജക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 247/23 |
| അടങ്കൽ തുക | 1000000/- ( വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | 100000/- (ബി.ആർ.എൻ- 2115055203390137796 4/ 15.03.2023 |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | 02 |
| ആകെ ധനസഹായത്തുക ( ഒരു ഗുണഭോക്താവിന്) | 200000 |

2021-22, 2022-23 എന്നീ രണ്ട് വർഷങ്ങളായിട്ടും, ആകെയുള്ള രണ്ട് ഗുണഭോക്താക്കളും മുഴുവൻ തുകയും കൈപ്പറ്റുകയോ പ്രൊജക്ട് പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ആകെ വ്യക്തിഗത ധനസഹായത്തുകയായ 200000 രൂപയിൽ 50000 രൂപ മുൻകൂറായും ബാക്കി തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് ഗഡുക്കളായും നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് . ആനുകൂല്യത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരിൽ, മങ്ങാംതടംപറമ്പിൽ മണികണ്ഠൻ മകൾ കുമാരി. അനാമിക എം.പി, വലിയ പറപ്പൂർ, അനന്താവൂർ പി.ഒ, എന്ന ഗുണഭോക്താവ്, 2022-23 ൽ 50,000 രൂപയും, 2023-24 ൽ 75000രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. പണിപൂർത്തീകരിച്ചിട്ടില്ല.

രണ്ടാമത്തെ ഗുണഭോക്താവ്, നിരപ്പിൽ വിജയൻ മകൾ കുമാരി വിദ്യാ വിജയൻ, കോന്നല്ലൂർ, 2022-23 ൽ 50000 രൂപ കൈപ്പറ്റിയതായി കാണുന്നുണ്ട്. പണി പൂർത്തീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 08/26.09.23) സമർപ്പിക്കപ്പെട്ട മറുപടിയിൽ പണി ഉടൻ പൂർത്തീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

ആയതിനാൽ രണ്ട് ഗുണഭോക്താക്കളും പണി പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ള മുഴുവൻ പൂർത്തീകരണ രേഖകളും പരിശോധനക്ക് ലഭ്യമാക്കുന്നത് വരെ രണ്ട് ഗുണഭോക്താക്കളും 2022-23 സാമ്പത്തിക വർഷത്തിൽ കൈപ്പറ്റിയ 100000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 മഴക്കാല പൂർവ ശുചീകരണം- വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾക്കു നൽകിയ തുക – വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയില്ല.

പഞ്ചായത്തിലെ 23 വാർഡുകളിൽ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കു വേണ്ടി വാർഡൊന്നിന് 15000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) പഞ്ചായത്തിന് നൽകിയ 04.06.2022-ലെ അപേക്ഷ പ്രകാരമാണ് തുകയനുവദിച്ചിട്ടുള്ളത്. ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് 10,000 രൂപയും, തനത്ഫണ്ടിൽ നിന്ന് 5000 രൂപയും ചേർത്ത് 15000 രൂപ വീതം വാർഡ് തല ശുചിത്വ കമ്മിറ്റികൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി ആകെ 3,45,000 രൂപയാണ് പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുള്ളത് (വൗച്ചർ നമ്പർ. 22200263/16.06.2022). ഉത്തരവ് നമ്പർ.400919/എഫ്.എം.എഫ്.എം34/ജി.പി.ഒ/2022/3176 തിയ്യതി.16.06.2022.
ഈ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 17/29.09.23) മറുപടി ലഭിച്ചില്ല. വാർഡ് തല ശുചിത്വകമ്മിറ്റികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രവും ചെലവു രേഖകളുംമെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കുന്നത് വരെ

ഈയിനത്തിലെ 345000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ഇലക്ട്രിക് പോസ്റ്റ്, മീറ്റർ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-ക്ക് നൽകിയ തുക - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22200450/16.08.2022 പ്രകാരം 20957 രൂപയും, പകൽ വീടിന്റെ ഇലക്ട്രിക് മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി വൗച്ചർ നമ്പർ 22200598/24.09.2022 പ്രകാരം 771 രൂപയും കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചതായി കാണുന്നു. ഈ തുകകളുടെ വിനിയോഗ – പൂർത്തീകരണ സാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചില്ല. ആയതിനാൽ ടി തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിലെ ചെലവ് തുക 21,728/- ( 20957+ 771) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ലൈഫ് ഭവന പദ്ധതി - ആദ്യഗഡു കൈപ്പറ്റി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താവ്- തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി- ധനസഹായ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ, ധനസഹായത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ ഒരാൾ ആദ്യഗഡു മാത്രം കൈപ്പറ്റിയതായി കാണുന്നു. ടിയാൻ പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
നിർവഹണോദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ശ്രീ.സിദ്ധീഖ്, പുല്ലാട്ട് വളപ്പിൽ , കൊടക്കൽ<br>വാർഡ് -11, തിരുന്നാവായ |
| കൈപ്പറ്റിയ തുക | 40000/- (ആദ്യ ഗഡു) |
| തുക കൈപ്പറ്റിയ തീയ്യതി | 28.07.2018 |
| ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ | 40105101067604- കേരള ഗ്രാമീൺ ബാങ്ക് , തിരുന്നാവായ ശാഖ |

28.07.2018- ൽ ആദ്യ ഗഡു കൈപ്പറ്റിയതായി മാത്രമേ അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. മേൽ പറഞ്ഞ ഗുണഭോക്താവ് ടി തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 19/28.09.23) 30.09.23 തീയ്യതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ നൽകിയ മറുപടിയിൽ ടിയാൻ വീട് പണി ഉദ്ദേശിക്കുന്ന സ്ഥലത്ത് തറപ്പണി ചെയ്യുന്നതിന്ചുരുങ്ങിയത് 300000 രൂപ ആവശ്യമാണെന്നും ആയതിനാൽ മറ്റൊരു സ്ഥലം കണ്ടെത്താൻ ശ്രമിക്കുന്നുണ്ടെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ അസുഖവും കുടുംബപ്രശ്നങ്ങളും കാരണം പണി തടസ്സപ്പെട്ടതാണെന്നും പണിപൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുമെന്നും അറിയിച്ചിട്ടുണ്ട്.
രേഖകൾ പ്രകാരം, ആദ്യ ഗഡു കൈപ്പറ്റി 5 വർഷം കഴിഞ്ഞിട്ടും നിർമാണം ആരംഭിക്കാത്ത സാഹചര്യം പരിശോധിക്കേണ്ടതും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഉചിതമായ നടപടികൽ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം കൈപ്പറ്റിയ തുക ടിയാനിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 രസീതി ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ രസീതി സ്റ്റോക്ക് രജിസ്ററർ പ്രകാരം ഇഷ്യു ചെയ്ത 1735 , 1739 നമ്പർ രസീതി ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 1726,1735 രസീപ്റ്റ് ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രസീത് ബുക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/29.09.22 ന് മറുപടിയായി പ്രസ്തുത രസീത് ബുക്കുകളുടെ മുഴുവൻ താളുകളും ഉപയോഗിച്ച് കഴിഞ്ഞതാണെന്നും ആയത് വരവിൽ ഉൾപ്പെട്ടതാണെന്നും ഐ.എൽ.ജി.എം.എസിൽ മുഴുവൻ തുകയും ഒടുക്കിയത് പരിശോധനക്ക് ഹാജരാക്കിയെന്നും രസീത് ബുക്കുകൾ ഫയൽ ഷിഫ്റ്റിംഗിനിടയിൽ സ്ഥാനം തെറ്റിയതാണെന്നും കണ്ടെത്തി ഹാജരാക്കുന്നതാണെന്നും വിശദീകരിച്ചു. രസീത് ബുക്കുകൾ കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-32 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ-2003 പ്രകാരം, പ്രകൃതി ദുരന്തങ്ങൾ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും, ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ-കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ഈ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്.

നിധിയുടെ വരവ്- ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച് പോരേണ്ടതാണ്. നിധിയിലേക്കുള്ള സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ളതും, സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പിട്ടതുമായ രസീതി നൽകേണ്ടതാണ് . നിധിയിലേക്ക് ധനം സംഭരിക്കുന്നതിനുള്ള സംഭാവനകൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനും പ്രസിഡണ്ട്, സെക്രട്ടറി, തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഗ്രാമ പഞ്ചായത്തംഗം എന്നിവരടങ്ങുന്ന ഒരു സബ്- കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസിഡണ്ട് ചെയർമാനും സെക്രട്ടറി ഇതിന്റെ കൺവീനറുമായിരിക്കണം. നിധിയെ സംബന്ധിച്ച വരവു- ചെലവു കണക്കുകൾ ഒരു പ്രത്യേക ക്യാഷ്ബുക്കിൽ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സൂക്ഷിച്ച് പോരേണ്ടതാണ്. ഇതിനു പുറമേ, ധനസഹായത്തിനുള്ള അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ,അനുവദിക്കപ്പെട്ട ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിള്ള രജിസ്റ്റർ, സബ്കമ്മിറ്റി യോഗ നടപടികളുടെ ഒരു മിനിറ്റ്സ് എന്നിവയും പരിപാലിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ.02/20-09-2023)

ദുരിതാശ്വാസനിധി സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

( നമ്പർ 02/20.09.23) മറുപടി ലഭിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ ചട്ടപ്രകാരം ദുരിതാശ്വാസ നിധി സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയും പരിപാലിച്ച് പോരേണ്ടതുമാണ്.

## 1-33 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

1.നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി)

പ്രൊജക്റ്റിന്റെ പേര്- ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ

പ്രൊജക്ട് നം-29/2023

അടങ്കൽ-400000(മെയിന്റനൻസ് ഫണ്ട്-റോഡിതരം)

ചെലവ്- 400000

ബി.ആർ.എൻ. 22150552039000581109/27.09.2022 – 4,00,000.

ഹോമിയോ ഡിസ്പെൻസറിയിലേക്കു മരുന്ന് വാങ്ങുന്നതിന് ഹോംകോ-ക്ക് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പി.എഫ്290/14.09.22 പ്രകാരം 400000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 237211 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| എൽ.എഫ് 4 | 29.04.23 | 146511 |
| എൽ.എഫ്422 | 01.07.23 | 90700 |

അവശേഷിക്കുന്ന 162789 രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (24/30.09.23) ക്ക് മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- വി ഇ ഒ

2021-22 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതിക്കു (എസ് സി) വേണ്ടി ധനസഹായം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. നിർമാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് , വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ശാരദ, കല്ലിങ്ങൽപറമ്പിൽ | 380000 | 09.11.2021 |
| 2 | ലീല, കല്ലിങ്ങൽപറമ്പിൽ | 270000 | 09.11.2021 |

മേൽ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യം സംബന്ധിച്ച് / പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (27/30.09.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 സർക്കാർ ഉത്തരവ് പാലിക്കാതെ ആർട്കോ-യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ആർട്കോ-യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി ജി.ഒ(ആർ.ടി) 7/2022/എസ്.പി.ഡി തിയ്യതി 02.02.2022, ജി.ഒ(ആർ.ടി) 06/ 2022 /എസ്.പി.ഡി തിയ്യതി 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവഹിച്ച താഴെ പറയുന്ന പദ്ധതികൾ വഴി വാങ്ങിയ താഴെ കൊടുത്തിരിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ ആർട്കോ യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

1. ഹെൽത്ത് ഗ്രാന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ (276/23)

ഹെൽത്ത് ഗ്രാന്റ് - 233978.
വൗച്ചർ നം. 42200894 / G101305/23.02.23- 140939/-

ഇൻവോയ്സ് നം - കെ.കെ.ഡി 320/15.02.23- ₹ 140939

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | പ്ലാസ്റ്റിക് ആം ചെയർ | 60/580 | 41064 |
| | | Total | 41064 |

2.ഹെൽത്ത് ഗ്രാന്റ് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ ( 275/23)

ഹെൽത്ത് ഗ്രാന്റ് - 475130/-
വൗച്ചർ നം. 42200895 / G101305/23.02.23- 175808/-

ഇൻവോയ്സ് നം - കെ.കെ.ഡി 319/15.02.23- ₹ 175808/-

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | മെഡിസിൻ ട്രോളി-ഫുൾ സ്റ്റെയിൻലെസ്സ് സ്റ്റീൽ, 304 | 6/9500 | 67260 |

| | | | |
|---|---|---|---|
| | ഗ്രേഡ് സൈസ് ,74*52*81 സെ.മീ | | |

മേൽ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (26/29.09.23) ക്ക് മറുപടിയായി വിതരണം ചെയ്ത ഫർണ്ണിച്ചറുകൾ എല്ലാം ആർട്കോ അംഗങ്ങൾ ഉൽപാദിപ്പിക്കുന്നതാണെന്ന സാക്ഷ്യപത്രവും അനുവദനീയമായ ഫർണ്ണിച്ചറുകളാണ് വിതരണം ചെയ്യുന്നതെന്ന ലിസ്റ്റ് ലഭ്യമാക്കാത്തതിനാലാണ് അപാകത സംഭവിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഈ വിശദീകരണം അപാകതക്ക് പരിഹാരമല്ല . വാങ്ങൽ നടപടികളിൽ സർക്കാർ കാലാകാലങ്ങളിലായി പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ മേൽ വാങ്ങൽ നടപടികൾക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 709108 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂറായി നൽകിയിട്ടുണ്ട്.എന്നാൽ മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല. (നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്ര, തിരുനാവായ ഗ്രാമപഞ്ചായത്ത്)

1.പ്രൊജക്ടിന്റെ പേര്- എഫ് എച്ച് സിയിലേക്ക് മരുന്നു വാങ്ങൽ

പ്രൊജക്ട് നം-28/2023

അടങ്കൽ-500000(എം.ജി-നോൺ റോഡ്)

ചെലവ്- 499992

ബി.ആർ.എൻ.22150552039000635138/12.10.22 – 481386.

22150552039000900471/06.12.2022- 18606.

മേൽ പദ്ധതി പ്രകാരം എഫ് എച്ച് സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയിസ് പി.ആർ.എഫ് 1002/11.08.22- 481386., പി.ആർ.എഫ്1538/04.10.22- 18606. എന്നിവ പ്രകാരം 499992. രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 222573 രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രഫോർമ ഇൻവോയിസ് നം | ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|---|
| പി.ആർ.എഫ്1538/04.10.22-18606/- | 26555 | 07.03.23 | 18606 |
| പി.ആർ.എഫ് 1002/11.08.22-481386/- | 19703 | 12.12.22 | 74424 |
| | 19718 | 12.12.22 | 1579 |
| | 21962 | 03.01.23 | 21827 |
| | 22283 | 06.01.23 | 13440 |
| | 22423 | 07.01.23 | 4928 |
| | 22718 | 11.01.23 | 5544 |
| | 23324 | 17.0123 | 11088 |
| | 26770 | 10.03.23 | 37212 |
| | 809 | 13.04.23 | 6798 |
| | 5904 | 25.05.23 | 11192 |
| | 5906 | 25.05.23 | 65825 |
| | 10365 | 23.06.23 | 4956 |
| | | ആകെ | 277419 |
| | | മുൻകൂർ | 499992 |
| | | ബാക്കി | 222573 |

2.പ്രൊജക്ടിന്റെ പേര്- സ്കൂളുകൾക്കും അംഗനവാടികൾക്കും ബി ആർ സി സെന്ററിനും ഫസ്റ്റ് എയ്ഡ് കിറ്റ്

പ്രൊജക്ട് നം-266/2023

അടങ്കൽ-100000(എം.ജി- നോൺ റോഡ്)

ചെലവ്- 100000

ബി.ആർ.എൻ..22150552039001197138/15.02.2023 – 100000/-

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയിസ് പി.ആർ.എഫ്. 4220/04.02.23 പ്രകാരം 100000/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 53096/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| 6653 | 30.05.23 | 46904 |
| | മുൻകൂർ | 100000 |
| | ബാക്കി | 53096 |

മേൽ പദ്ധതികൾ പ്രകാരം ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാവാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയാനായി ഓഡിറ്റ് എൻക്വയറി (23 & 25/30.09.23) ന് മരുന്നുകൾ അടിയന്തിരമായി പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് -അനർഹരായ ഗുണഭോക്താക്കൾക്ക് നൽകിയത്-34738 രൂപയുടെ ചെലവ് നിരാകരിക്കുന്നു

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ച എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം എന്ന പ്രൊജക്ടിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ ഒരാൾ സബ്സിഡി മാർഗരേഖ പ്രകാരമുള്ള യോഗ്യതാ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 122/23 |
| പ്രൊജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ തുക | 690000/- വികസന ഫണ്ട് (എസ്.സി.പി) |
| ചെലവ് | 625284/- (ബിൽ നം. 24/22.10.2022) |
| തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ | 18 |

| | |
|---|---|
| എണ്ണം | |
| വിതരണം ചെയ്യുന്നതിനു വേണ്ടി വാങ്ങിയ ലാപ്പ്ടോപ്പുകളുടെ എണ്ണം | 18 |
| ലാപ്പ്ടോപ്പ് യൂണിറ്റ് വില | 34738/- |

മേൽ പറഞ്ഞ പ്രൊജക്റ്റ് പ്രകാരം ലാപ്പ്ടോപ്പ് കൈപ്പറ്റിയ ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താവ് സബ്സിഡി മാർഗ്ഗരേഖ പ്രകാരം ടി ആനുകൂല്യത്തിന് അർഹയല്ലെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ ലാപ്പ്ടോപ്പിന്റെ വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്യാമപ്രിയ പി.വി.<br>പറമ്പ് വീട്ടു വളപ്പിൽ,<br>തിരുന്നാവായ | നമ്പർ. എൻ. എക്സ്.ഇ.ജി.ജെ എസ് 100എഫ്208077 എഫ്33400<br>മോഡൽ എയ്സർ ഇ.എക്സ്2155438P7 | (1) റിജിയണൽ എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ട്, മിനി സിവിൽ സ്റ്റേഷന് എതിർവശം, ടി.ബി.റോഡ്, തിരൂർ എന്ന സ്വകാര്യ ട്യൂഷൻ സ്ഥാപനം നൽകിയ 15.11.2021-ലെ 19 സി.യു.ഇ.എൽ.നമ്പർ.144 നമ്പർ സാക്ഷ്യപത്ര പ്രകാരം ടി ഗുണഭോക്താവ് കോയമ്പത്തൂർ ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ ബി.എ ഇംഗ്ലീഷ് സാഹിത്യം പഠിക്കുന്ന വിദ്യാർത്ഥിനിയാണെന്ന് സാക്ഷ്യപ്പെടുത്തിക്കാണുന്നു. എന്നാൽ ടി സ്ഥാപനം മാർഗ്ഗ രേഖ പ്രകാരം അംഗീകൃത സ്ഥാപനമല്ല.<br>സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 7.2.7 പ്രകാരം കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈയാനുകൂല്യം ലഭിക്കണമെങ്കിൽ ആ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കണം. എന്നാൽ ടി ഗുണഭോക്താവ് ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.<br>സാക്ഷ്യപത്രം നൽകിയ സ്ഥാപനം സർക്കാർ/ |

| | | | |
|---|---|---|---|
| | | | എയിഡഡ്/ സ്വാശ്രയ സ്ഥാപനമോ, സർവകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനമോ അല്ല. |

മേൽ പട്ടികയിലെ 4-ാം കോളത്തിൽ കാണിച്ച അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ. 7/26.09.2023) നൽകിയ മറുപടിയിൽ, ശ്യാമപ്രിയ എന്ന വിദ്യാർത്ഥി ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ ബി.എ ലിറ്ററേച്ചർ വിദ്യാർത്ഥിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ മാർഗ രേഖ പ്രകാരം, ആനുകൂല്യത്തിനപേക്ഷിച്ച വർഷം ടിയാൾ ഭാരതിയാർ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിയാണെന്നുള്ള സ്ഥാപനത്തിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. മറുപടിയോടൊപ്പം ഹാജരാക്കിയ ഭാരതിയാർ യൂണിവേഴ്സിറ്റിയുടെ ബി.എ ലിറ്ററേച്ചർ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെങ്കിലും അതിൽ 2019 ഡിസംബറിൽ പരിക്ഷ കഴിഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ടിയാൾക്ക് ആനുകൂല്യം നൽകിയ നടപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ടിയാൾക്ക് നൽകിയ ലാപ്പ്ടോപ്പിന്റെ വില 34,738/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 600000 | പ്രൊ.നം-155/21-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| | 360000 | പ്രൊ.നം209/22-23 ലൈഫ് ഭവന പദ്ധതി ജനറൽ | 360000 | 0 |
| | 500000 | പ്രൊ.നം136/22-23 ലൈഫ് ഭവന പദ്ധതി എസ്.സി | 500000 | 0 |
| | 511129 | നെൽ കൃഷിക്ക് വിത്ത് വിതരണവും കൂലിച്ചെലവ് | 511129 | 0 |

| | | | | |
|---|---|---|---|---|
| | | സബ്സിഡിയും218/22-23 | | |
| ജില്ലാ പഞ്ചായത്ത് | 2100000 | പ്രൊ.നം109/22-23 വടക്കേ വയൽ പാടം അംഗനവാടി റോഡ് | 2100000 | 0 |
| | 240000 | പ്രൊ.നം136/22-23 ലൈഫ് ഭവന പദ്ധതി എസ്.സി | 240000 | 0 |
| | 255000 | പ്രൊ.നം-155/21-22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 255000 | 0 |
| | 377791 | നെൽ കൃഷിക്ക് വിത്ത് വിതരണവും കൂലിച്ചെലവ് സബ്സിഡിയും 218/22-23 | 377791 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|---|
| 1 | ഭൂജല വകുപ്പ് | അംഗനവാടി ബോർവെൽ കൺസ്ട്രക്ഷൻ, 139/22-23 | ബി.ആർ.എൻ: 22150552006500792963 തീയ്യതി 18.11.2022 | 59859 | 0 | 0 | 59859 |
| 2 | കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുക | 22200450/16-8-22 | 20957 | 0 | 0 | 20957 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | വായ്പ തുക | തൻ വർഷം അടച്ചത് | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ലൈഫ് മിഷൻ | ലഭ്യമല്ല | 11059000 | 3200000 | 2002819 | 12256181 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 2000 | 1436/27.07.1987 |
| മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ്, കുറ്റിപ്പുറം | 50000 | 258/03.08.1996 |
| മലപ്പുറം ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 3000 | 045/09.01.1994 |

കുറിപ്പ്

സ്ഥിര നിക്ഷേപം ഇനത്തിൽ വാർഷികകണക്കിൽ ബാലൻസുള്ള 55,000/- രൂപ വർഷങ്ങളായി തുടരുന്നതും എന്നാൽ പലിശയിനത്തിലോ മറ്റോ വരവ് ഇല്ലാത്തതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയ്യതി |
|---|---|---|---|---|
| 2021-2022 | 9(3) | 4089 | സുധർമ്മ,അസി.എഞ്ചിനീയർ | 1220603226 |
| 2021-2022 | 9(1) | 2783 | സുധർമ്മ,അസി.എഞ്ചിനീയർ | 1220603258 |
| 2021-2022 | 9(2) | 16165 | സുധർമ്മ,അസി.എഞ്ചിനീയർ | 1220603229 |
| 2021-2022 | 9(4) | 19579 | സുധർമ്മ,അസി.എഞ്ചിനീയർ | 1220603260 |
| 2021-2022 | 9(1) | 3000 | സുധർമ്മ,അസി.എഞ്ചിനീയർ | 1220603261 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12,12-13 2(1) | 2014-15 | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്ന 01.07.2016 മുതൽ എഗ്രിമെന്റ് വെച്ചു |
| 2014-15 2(5),2(3), | 2016-17 | | |
| 2015-16 2(1),2(2) | 2016-17 | 0 | 0 |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ ന | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്/ സർ ചാർജ്ജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ തിയ്യതി | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 2-9, 2-14 | വി കെ മോഹന കൃഷ്ണൻ, സെക്രട്ടറി | എൽ.എഫ്10407/ സ്പെ. സെൽ/ എസ്.സി.ഡി1/ 12 തിയ്യതി | 9536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9536 |

| | | | | 18-9-14 | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പർ തിയ്യതി | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-1 3-10 | വി.കെ. മോഹന കൃഷ്ണൻ, സെക്രട്ടറി | എൽ.എഫ്1 10407/ സ്പെ. സെൽ/ എസ്.സി.ഡി1/12 തിയ്യതി 17-6-15 | 40371 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 40371 |
| 2 | 2006-07 | 3-8 | | എൽ.എഫ്1 10407/ സ്പെ. സെൽ/ എസ്.സി ഡി1/12 തിയ്യതി 17-6-15 | 4773 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4773 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 192649055 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 182522430 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34738 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2660222 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-(1) | - | 34738 | ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 100000/- | ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-28 | 345000 /- | ശ്രീ.അബ്ദുൽ ഹക്കീം.യു സെക്രട്ടറി, തിരുന്നാവായ ഗ്രാമ പഞ്ചായത്ത് |
| 1-29 | 21728/- | ശ്രീ.അബ്ദുൽ ഹക്കീം.യു സെക്രട്ടറി, തിരുന്നാവായ ഗ്രാമ പഞ്ചായത്ത് |
| 1-15 | 484386 | ശ്രീമതി. രശ്മി. എം.ടി. |
| 1-16 | 10,00,000 | ശ്രീമതി. ശൈലജ ബിന്ദു . കെ. |
| 1-35 | 709108 | ഡോ.സലീം ഇസ്മായിൽ |

| | | |
|---|---|---|
| | 26,60,222 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ )ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബിന്ദു സെബാസ്റ്റ്യൻ | അസിസ്റ്റന്റ് സെക്രട്ടറി, ഞാറക്കൽ ഗ്രാമ പഞ്ചായത്ത്, എറണാകുളം | സ്വപ്നേന്ദു,<br>പെരുമ്പടന്ന,<br>നോർത്ത് പറവൂർ,<br>എറണാകുളം<br>683513 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94<br>തിയ്യതി: 31.08.2004 | 2 |
| 1979-80 | എൽ.എഫ്.എം.7/1081/94<br>തിയ്യതി: 31.08.2004 | 2 |
| 1980-81 | എൽ.എഫ്.എം.7/1082/94<br>തിയ്യതി: 31.08.2004 | 3 |
| 1982-83 | എൽ.എഫ്.എം.7/1084/94<br>തിയ്യതി: 31.08.2004 | 1 |
| 1983-84 | എൽ.എഫ്.എം.7/1085/94<br>തിയ്യതി: 31.08.2004 | 8 |
| 1984-85 | എൽ.എഫ്.എം.7/1086/94<br>തിയ്യതി: 31.08.2004 | 7 |
| 1985-86 | എൽ.എഫ്.എം.7/1087/94<br>തിയ്യതി: 31.08.2004 | 10 |
| 1986-87 | എൽ.എഫ്.എം.7/1088/94<br>തിയ്യതി: 31.08.2004 | 12 |
| 1987-89 | എൽ.എഫ്.എം.7/1069/94<br>തിയ്യതി: 04.05.1994 | 17 |
| 1989-91 | എൽ.എഫ്.എം.7/1084/94<br>തിയ്യതി: 06.02.1995 | 12 |
| 1991-92 | എൽ.എഫ്.എം.7/1089/94<br>തിയ്യതി: 31.08.1994 | 7 |
| 1994-96 | എൽ.എഫ്.എം.5/868/99<br>തിയ്യതി 5.10.99 | 4 |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07<br>തിയ്യതി 6.2.09 | 1 |
| 1998-99 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2376/07<br>തിയ്യതി 6.2.09 | 1 |

| | | |
|---|---|---|
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07 തിയ്യതി 6.2.09 | 4 |
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07 തിയ്യതി 28.9.05 | 23 |
| 2000-01 | എൽ.എഫ്.എം.7/2374/07 തിയ്യതി 6.2.09 | 10 |
| 2001-02 | എൽ.എഫ്.എം.7/2378/07 തിയ്യതി 25.3.09 | 3 |
| 2002-03 | എൽ.എഫ്.എം.7/2379/07 തിയ്യതി 25.3.09 | 3 |
| 2003-04 | എൽ.എഫ്.എം.7/2380/07 തിയ്യതി 25.3.09 | 14 |
| 2004-05 | എൽ.എഫ്.എം.14/2215/08 തിയ്യതി 25.3.09 | 16 |
| 2006-07 | എൽ.എഫ്.എം.14/1249/2011 തിയ്യതി 17.02.12 | 49 |
| 2007-08 | എൽ.എഫ്.എം.14/1490/10 തിയ്യതി 18.7.09 | 42 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എം.17/201/2013 തിയ്യതി 8.4.13 | 25 |
| 2011-12, 2012-13 | എൽ.എഫ്.എം.17/1357/2014 തിയ്യതി 11.12.14 | 19 |
| 2013-14, 2014-15 | എൽ.എഫ്.എം.17/1357/2014 തിയ്യതി 30.01.17 | 18 |
| 2015-16 | കെ.എസ്.എ.എം.പി.എം.17/3282/2016 | 16 |
| 2016-17 | കെഎസ്എ എംപിഎം 17/2242/2017 തിയതി 19.07.18 | 11 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം17/1999/2019 തിയതി 17.09.19 | 29 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം17/226/20 തിയതി 14.10.20 | 9 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം17/645/22 തി. 28.08.2022 | 14 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം17/655/22 തി. 29.09.2022 | 27 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Tirunnavaya Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Tirunnavaya Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Tirunnavaya Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.the following bank account statements are not reconciliated with bankbook.

| Sl.N0 | Bank, account | Account No. |
|---|---|---|
| 1 | Co-Operative Bank | 4110 |
| 2 | State Bank Of Travancore | 57052670358 |
| 3 | KGB HG Support dignostic health care to subcentres | 40105101091568 |

| | | |
|---|---|---|
| 4 | State Bank Of India | 10611714441 |
| 5 | Kerala Gramin bank | 40105101068959 |
| 6 | State Bank Of Travencore | 67079928791 |
| 7 | Treasury TSB Account | 715051400000006 |
| 8 | Kerala Gramin bank | 40105101014727 |
| 9 | Post Office (Own Fund) | 70184 |
| 10 | Treasury Joint Venture | 799011400004713 |

2.The validity of the receipt of the following itaims in the annual staement is not able to examine as the D.C.B is not keeping in the institution.

| itaim | Receipt as the financial statement |
|---|---|
| Registration fee from Private Hospitals & Paramedical institutions | 3350 |
| Building Regularisation Fee | 401624 |
| Building Permit Fee | 189215 |

3.The following registers are not kept in the institution
1.Loan register
2. investment register
4.Balance has to attain through festival advance has marked wrongly in the financial statement.
5.Balance in the state bank of india(account no.67385529506) is Rs 8780759/- by the bankbook,but that is varied as Rs 8784968/-by the financial statement 40(b)
6.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.
a. Ratios
b. Notes on accounts
c.comparative amount of previous year
7.The details of the election deposit, such as voucher number, name of the depositer is not added in the deposit register.
8.Balance by the schedule B15 from the item rent receivable from building is not matching with rent register.
9.demand and collection of property tax as per the financial statement does not match with D.C.B.
10.Rs 793600/- has spent in the item agriculture labour pension as the sevana,but not added in schedule I-14(d).
11.cash statement of NREGs is not matching with financial statement in the item revenue expendicture.
12.Asset register is not updated.
13.Balance of the B-4 and B-17 is not match in the case of special purpose fund.
14.Receipt of invesment is not presented for the physical verification.
15.Balance in the subtreasuries tirur is negative figure.
16.Expendicture of the development fund general is not match with A.C.R

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരുന്നാവായ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്